കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കാറഡുക്ക ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

e-mail:doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.എകെ.എസ്.എ/കെ.എസ്.ഡി.7/1342/2018. തിയതി: 21.12.2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്-671123.
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690.

തീയതി.21.12.2018

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാറഡുക്ക ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ .കെ.എസ്.ഡി.7/1342/2018. തിയതി;21.12.2018.

# കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

*****

കാസറഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-4-17 മുതൽ 31-3-18 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ മഹേശ ബി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08-10-2018 മുതൽ 17-10-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| (1) ശ്രീ ലോകേശ ആചാരി. ബി. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ് ) |
| (2) ശ്രീ ഗോപാലകൃഷ്ണ നായിക്. പി. | ഓഡിറ്റ് ഓഫീസർ |
| (3) ശ്രീ വിനോദ് കുമാർ. വി. | അസി.ഓഡിറ്റ് ഓഫീസർ |
| (4) ശ്രീ ജെന്ന കുര്യാകോസ് | അസി.ഓഡിറ്റ് ഓഫീസർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സ്വപ്ന.ജി. | 01-04-2017 മുതൽ 31-03-2018 വരെ |
| സെക്രട്ടറി | ശ്രീ.പ്രസന്ന നായിക്.എ.<br>(അസിസ്റ്റന്റ് സെക്രട്ടറി) | 01-04-2017 മുതൽ 07-04-2017 വരെ |
| | ശ്രീ.ശ്യാമ ഭട്ട് | 07-04-2017 മുതൽ 26-04-2017 വരെ |
| | ശ്രീ.കെ. ഭാസ്കരൻ | 27-04-2017മുതൽ 12-06-2017 വരെ |
| | ശ്രീ ശ്യാമ ഭട്ട് | 12-06-2017മുതൽ 01-08-2017 വരെ |
| | ശ്രീമതി ബേബി. എ.<br>(അസിസ്റ്റന്റ് സെക്രട്ടറി) | 02-08-2017മുതൽ 21-08-2017 വരെ |
| | ശ്രീ ദേവദാസ്.പി. | 22-08-2017മുതൽ 31-03-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബിന്ദു,പി. | 01-04-2017 മുതൽ 31-03-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.രാംനനോഹർ ഷെട്ടി | 01-04-2017മുതൽ 03-10-2017 വരെ |
| | ഡോ.കിഷോർ കുമാർ | 04-10-2017 മുതൽ 18-10-2017 വരെ |
| | ഡോ.സ്റ്റെല്ല സണ്ണി | 19-10-2017 മുതൽ 31-03-2018 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ.അനിൽ കുമാർ | 01-04-2017 മുതൽ 09-07-2017 വരെ |
| | ഡോ.പ്രദീപ്.ടി.പി | 10-07-2017മുതൽ 17-07-2017 വരെ |
| | ഡോ.മൊയ്ദീൻ | 18-07-2017മുതൽ 31-01-2018വരെ |
| | ഡോ.പ്രശാന്ത് ചന്ദ്രൻ.പി.പി | 01-01-2018മുതൽ 06-02-2018 വരെ |
| | ഡോ.അനസിക്സ്റ്റസ് | 07-02-2018മുതൽ 31-03-2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ആയുർവ്വേദ | ഡോ.അസിയ | 01-04-2017 മുതൽ 31-03-2018 വരെ |
| വി.ഇ.ഒ | രവി കുമാർ, എൻ. ബി. | 01-04-2017 മുതൽ 18-08-2017 വരെ |
| | ശാന്ത കുമാരി. ഡി. | 19-08-2017 മുതൽ 31-03-2018 വരെ |
| ഐ.സി.ഡി. എസ്. സൂപ്പർവൈസർ | അപർണ്ണ.എം. | 01-04-2017 മുതൽ 31-03-2018 വരെ |
| ഹെഡ്മാസ്റ്റർ | പ്രകാശൻ.എം. | 01-04-2017 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | തുളസീധരൻ .എൻ. ടി. | 01-04-2017 മുതൽ 04-04-2017 വരെ |
| | പ്രസാദ്. വി .വി. | 05-04-2017മുതൽ 02-05-2017 വരെ |
| | ജനോവ | 03-05-2017 മുതൽ 16-02-2018 വരെ |
| | സജിത് മോഹൻദാസ് | 17-02-2018 മുതൽ 23-03-2018 വരെ |
| | രാജേഷ്.എ. കെ. | 24-03-2018 മുതൽ 31-03-2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | പ്രസന്ന നായിക് | 01-04-2017 മുതൽ 07-04-2017 വരെ<br>08-04-2017 മുതൽ 18-06-2017 വരെ(vacant) |
| | ബേബി.എ. | 19-06-2017 മുതൽ 31-03-2018വരെ |

| ക്രമ നം. | | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |

| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വസ്തു നികുതി കുടിശ്ശിക | 2-1 |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക | 2-2 |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 14 | ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാനായിട്ടില്ല- ചെലവിൽ വലിയ ഇടിവ് | 3-1 |
| 15 | കുടിവെള്ള പദ്ധതി- പ്രോജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല | 3-2 |
| 16 | റോഡ് റീ ടാറിംഗ് പ്രവൃത്തി- ടെണ്ടർ കുറവ് കിഴിക്കാത്തതിനാൽ നഷ്ടം- | 3-3 |
| 17 | പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല. | 3-4 |
| 18 | മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല. | 3-5 |
| 19 | റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി | 3-6 |
| 20 | ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് അധികം ഓവർഹെഡ് ചാർജസ് അനുവദിച്ചു. | 3-7 |
| 21 | മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ഇരുമ്പു പെട്ടി വാങ്ങിയതിൽ അധികച്ചെലവ് | 3-8 |
| 22 | പശു വളർത്തൽ പദ്ധതി | 3-9 |
| 23 | സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (ടി.എസ്.പി.) | 3-10 |
| 24 | സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (എസ്.സി.പി.) | 3-11 |

| | | |
|---|---|---|
| 25 | ഹൈസ്കൂൾ കുട്ടികൾക്ക് സൈക്കിൾ- | 3-12 |
| 26 | വൈദ്യുതി ബോർഡിന് നൽകിയ ഡെപ്പോസിറ്റിന്റെ വിനിയോഗ വിവരം ലഭ്യമല്ല. | 3-13 |
| 27 | മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല | 3-14 |
| 28 | പി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സിലെ വൈദ്യുതി ചാർജ്ജ് അടച്ചത് | 3-15 |
| 29 | മുൻകൂർ യാത്രാബത്ത നൽകിയത് ക്രമീകരിച്ചില്ല | 3-16 |
| 30 | ഡ്രൈവർമാരുടെ യൂണിഫോം അലവൻസ് സംബന്ധിച്ച് | 3-17 |
| 31 | കുടിവെള്ള വിതരണം സംബന്ധിച്ച് | 3-18 |
| 32 | മുട്ടക്കോഴി വളർത്തൽ പദ്ധതി- | 3-19 |
| 33 | കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഉരുക്കൾ-രജിസ്റ്റർ സംബന്ധിച്ച് | 3-20 |
| 34 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ- | 3-21 |
| 35 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല. | 3-22 |
| | ഭാഗം 4<br>ധനകാര്യ വിശകലനവും ഓഡിറ്റ് പ്രത്യവലോകനം | |
| 36 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 38 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 39 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 40 | സ്ഥിര നിക്ഷേപം | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 43 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-03-2017 തീയതിയിലെ 4/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 07-03-20018 തീയതിയിലെ 4/2 തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് പ്രകാരമുള്ള വരവു ചെലവുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹.42,98,932 |
| പ്രതീക്ഷിത വരവ് | ₹.12,99,80,153 |
| ആകെ | ₹.13,42,79,085 |
| പ്രതീക്ഷിത ചെലവ് | ₹.12,89,60,221 |
| നീക്കിയിരിപ്പ് | ₹.53,18,864 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട | ലഭിച്ച | അപാകത | അപാകത |
|---|---|---|---|

| തീയതി | തീയതി | പരിഹരിക്കാൻ തിരിച്ചയച്ച തീയതി | പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 04-06-2018 | --- | --- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | നം:കെ.എസ്.എ/കെ.എസ്.ഡി.3 /868/2018. തീ.10.08.2018 | 11.07.2018മുതൽ 12.07.2018വരെ |

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധന സാക്ഷ്യപത്രത്തിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ 2017-18 വാർഷിക കണക്കിനോടൊപ്പം സമർപ്പിച്ചിട്ടില്ല.
2. ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,53,711/-രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.
3. ഷെഡ്യൂൾ B-9-ൽ ബാധ്യത ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.
5. 31.03.2018 ലെ ബാലൻസ് ഷീറ്റിൽ 412010101- capital work in progress എന്ന ഹെഡിൽ 6,68,239.00 രൂപ ആസ്തി കാണുന്നു. എന്നാൽ ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.
6. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തീകരിച്ചെങ്കിലും, പരിശോധനയ്ക്ക് ഹാജരാക്കിയ വസ്തു നികുതി ഡി.സി.ബി. സ്റ്റേറ്റ്മെന്റിലെ തുകകളും വാർഷിക കണക്കിലെ ബന്ധപ്പെട്ട തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
7. ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം ആകെ ഡിമാന്റും കളക്ഷനും 11,67,800/-രൂപയാണ്. വാർഷിക ധനകാര്യ പത്രികയിലെ ഡിമാന്റിൽ ഈ തുക കാണിക്കുന്നുണ്ടെങ്കിലും, രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം കളക്ഷൻ 11,91,180/- രൂപയാണ്. വ്യത്യാസമായി കണ്ട 23,380/- രൂപ പരിശോധിക്കുക. വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8. തൊഴിൽ നികുതി , ഡി&ഒ ലൈസൻസ് ഫീസ്, വാടക പിരിവ്, എന്നീയിനങ്ങളുടെ ഡിമാന്റ് രജിസ്റ്ററുകളുടെ വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
9. അഡ്വാൻസ് രജിസ്റ്റർ സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
10. ഷെഡ്യൂൾ B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,26,88,879 |
| വരവ് | ₹4,68,92,210 |
| ആകെ | ₹5,95,81,089 |
| ചെലവ് | ₹5,12,08,909 |
| നീക്കിയിരിപ്പ് | ₹83,72,180 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 1,39,25,000 | 1,39,25,000 | 1,13,31,315 | 25,93,685 |
| വികസന ഫണ്ട്-എസ്.സി.പി. (ACR പ്രകാരം) | | 0 | 44,22,779 | 44,22,779 | 27,10,756 | 17,12,023 |
| വികസന ഫണ്ട്-ടി.എസ്.പി. (ACR പ്രകാരം) | | 0 | 20,60,162 | 20,60,162 | 12,58,239 | 8,01,923 |
| മെയിന്റനൻസ് ഫണ്ട് റോഡ് (ACR പ്രകാരം) | | 0 | 75,37,831 | 75,37,831 | 17,34,206 | 58,03,625 |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് (ACR പ്രകാരം) | | 0 | 37,86,865 | 37,86,865 | 24,13,582 | 13,73,283 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 66,28,192 | 66,28,192 | 18,48,886 | 47,79,306 |
| കെ.എൽ.എസ്.ജി.ഡി.പി- സെൻട്രൽ (ACR പ്രകാരം) | | 0 | 20,84,461 | 20,84,461 | 15,45,557 | 5,38,904 |
| എം.ജി.എൻ. ആർ. ഇ. ജി.എസ്. | തൊഴിലാളികളുടെ കൂലി | 0 | 2,20,04,115 | 2,20,74,182 | 2,20,74,182 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 70,067 | 12,99,655 | 13,69,722 | 13,62,419 | 7,303 |
| കേന്ദ്രാവിഷ്കൃത | 1) T.S.C. | 2,78,762 | 17,56,810 | 20,35,572 | 0 | 20,35,572 |

| | | | | | | |
|---|---|---|---|---|---|---|
| ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | 2)I.C.D.S. | 96,751 | 7,09,303 | 8,06,054 | 4,35,180 | 3,70,874 |
| | 3) N.P.R.P.D. | 4,10,000 | 0 | 4,10,000 | 4,10,000 | 0 |
| | 4) A.R.W.S.S. | 3,71,539 | 4,74,978 | 8,46,517 | 4,31,170 | 4,15,347 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | 1)U.E.A. | 0 | 36,480 | 36,480 | 36,480 | 0 |
| | 2) Marriage Assistance to Widows Daughters | 0 | 8,10,000 | 8,10,000 | 8,10,000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 9,55,000 | 9,55,000 | 5,51,540 | 4,03,460 |
| | ജില്ലാ പഞ്ചായത്ത് | 0 | 1,43,000 | 1,43,000 | 0 | 1,43,000 |
| ബി ഫണ്ട് | | 0 | 3,12,85,180 | 3,12,85,180 | 3,12,85,180 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 73,07,000 | 73,07,000 | 73,07,000 | 0 |

## 1-6 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷീക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ ജി.ഒ.(എം.എസ്.) നം. 72/2017 ത.സ്വ.ഭ.വ. തീയതി 29/3/2017 & ജി.ഒ.(എം.എസ്.) നം. 10/2017 ത.സ്വ.ഭ.വ. തീയതി 9/1/2017 എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും, വർക്കിംഗ് ഗ്രൂപ്പുകളും 23-01-2017 ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം തീയതി 1/23-01-2017 )ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട്.

ഈ ആസൂത്രണസമിതിയുടെ 2017-18 ലെ മിനുട്ട്സ് ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുവാനായി നിർദ്ദേശം നൽക്കേണ്ടതാണ്.

വികസനരേഖ – തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി.ഒ.(എം.എസ്.) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

വികസന സെമിനാർ -

28-05-2017ന് ഏകദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. 2017-18 ലെ കരട് പദ്ധതി രേഖ ഈ സെമിനാറിൽ അവതിപ്പിക്കുകയുണ്ടായി.അന്തിമ പദ്ധതി രേഖ 1/1(29-05-2017) തീരുമാനം

പ്രകാരം അംഗീകരിച്ചു.

2017-18 വർഷത്തിൽ മൊത്തം 160 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.അംഗീകാരം ലഭിച്ച പദ്ധതികളുടെ മൊത്തം അടങ്കൽ തുക 5,22,76,278 രൂപ.എന്നാൽ 77 പദ്ധതികൾ മാത്രമേ നിർവ്വഹണം നടത്തിയിട്ടുള്ളു. 41പദ്ധതികൾ ഭാഗികമായി നിർവ്വഹണം നടത്തിയിട്ടുണ്ട്.മൊത്തം പദ്ധതിചെലവ് 2,46,67,002 രൂപ മാത്രമാണ്. മൊത്തം അടങ്കലിന്റെ 47 ശതമാനം മാത്രമാണ് ചെലവ് ചെയ്യത്.

| അംഗീകാരം ലഭിച്ച പദ്ധതി | | നടപ്പാക്കിയ പദ്ധതി | | ഭാഗികമായി നടപ്പാക്കിത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാ |
|---|---|---|---|---|---|---|
| എണ്ണം | അടങ്കൽ | എണ്ണം | ചെലവ് | | | |
| 160 | 5,22,76,278 | 77 | 2,46,67,002 | 41 | 42 | 48% |

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക.₹ | എണ്ണം | തുക.₹ | |
| 1 | കൃഷി ഓഫീസർ | 8 | 34,20,848 | 8 | 24,41,358 | 71% |
| 2 | വെറ്റി.സർജൻ | 5 | 18,89,800 | 5 | 13,52,440 | 71% |
| 3 | മെഡിക്കൽഓഫീസർ,പി.എച്ച്.സി. | 2 | 8,22,500 | 2 | 5,82,499 | 71% |
| 4 | മെഡിക്കൽ ഓഫീസർ,ആയുർവേദം | 3 | 8,00,000 | 3 | 8,00,000 | 100% |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 5 | 24,35,000 | 5 | 24,35,000 | 100% |
| 6 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 10 | 59,02,924 | 10 | 48,97,891 | 83% |

| | | | | | | |
|---|---|---|---|---|---|---|
| 7 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 17 | 32,33,857 | 8 | 11,01,457 | 34% |
| 8 | ഹെഡ് മാസ്റ്റർ | 7 | 28,39,700 | 7 | 26,60,739 | 93% |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 2,80,78,149 | 33 | 69,06,505 | 24% |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 28,53,500 | 8 | 14,89,113 | 52% |
| ആകെ | | 160 | 5,22,76,278 | | 2,46,67,002 | 47% |

മൊത്തം അടങ്കലിന്റെ 47% ശതമാനം മാത്രമാണ് ചെലവ് ചെയ്തത്.അസി.എൻജിനിയർ 24%,സെക്രട്ടറി 34%,അസി.സെക്രട്ടറി 52% മാത്രമാണ് ചെലവ് ചെയ്തത്.വികസനത്തിൽ പിന്നോക്ക് നിൽക്കുന്ന പഞ്ചായത്തിൽ വികസനത്തിനു വേണ്ടി സർക്കാർ ഫണ്ട് ലഭ്യമാക്കിയിട്ടും വികസന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

വിവിധ സ്റ്റാൻഡിങ്ങ് കമ്മറ്റികൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്റ്റാൻഡിംഗ് കമ്മറ്റികളുടെ പേര് | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | ധനകാര്യം | 16 |
| 2 | വികസനം | 15 |
| 3 | ക്ഷേമകാര്യം | 14 |
| 4 | ആരോഗ്യം , വിദ്യാഭ്യാസം | 13 |

സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 214ാം വകുപ്പ് പ്രകാരം വിവിധ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ജനുവരി മാസം 15ന് മുൻപ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടതാണ്. എന്നാൽ 2017-18 വർഷം ഗ്രാമ പഞ്ചായത്തിലെ ക്ഷേമകാര്യം,

വികസനം,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. വരും വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങളും നിയമങ്ങളും പാലിക്കേണ്ടതാണ്

വർക്കിംഗ് ഗ്രൂപ്പുകൾ

പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ പദ്ധതിയുടെ നിർവഹണഘട്ടങ്ങളിൽ നടത്തുന്ന ഇടപെടലുകൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളാണ് മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടത് എന്നതിനാൽ പദ്ധതികൾ പരിപൂർണ്ണമായ വിജയം കൈവരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകളുടെ മേൽനോട്ടം അത്യാവശ്യമാണ്.

പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്.പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളാണ്. ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതലയും ബന്ധപ്പെട്ട മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. തുടർന്ന് അങ്ങോട്ട് ഈ അപാകത പരിഹരിക്കേണ്ടതാണ്.

വിവിധ വർക്കിംഗ് ഗ്രൂപ്പുകൾ 2017-18 വർഷം ചേർന്ന യോഗങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്ര നം. | സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് | വർക്കിംഗ് ഗ്രൂപ്പിന്റെ പേര് | | ചേർന്ന യോഗങ്ങളുടെ എണ്ണം |
|---|---|---|---|---|
| 1 | ധനകാര്യം | 1 | കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,ജനസേവനം കാര്യക്ഷമമാക്കൽ | 4 |
| 2 | വികസനം | 1 | കൃഷിയും അനുബന്ധമേഖലകളും | 5 |
| | | 2 | മൃഗസംരക്ഷണവും, ക്ഷീര വികസനവും | 4 |
| | | 3 | പൊതുമരാമത്ത് | 5 |
| 3 | ക്ഷേമകാര്യം | 1 | ദാരിദ്ര്യ ലഘൂകരണം | 5 |
| | | 2 | സാമൂഹ്യക്ഷേമം | 5 |
| | | 3 | പട്ടിക ജാതി വികസനം | 5 |
| | | 4 | പട്ടിക വർഗ്ഗ വികസനം | 5 |
| | | 5 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 5 |
| 4 | ആരോഗ്യ, വിദ്യാഭ്യാസം | 1 | ആരോഗ്യം | 3 |
| | | 2 | കുടിവെള്ളം,ശുചിത്വം | 5 |
| | | 3 | വിദ്യാഭ്യാസം,സംസ്കാരം,കലാകായിക,യുവജനക്ഷേമം | 1 |

മോണിറ്ററിംഗ്

പ്രൊജക്ടുകളുടെ മോണിറ്ററിംഗിനായി പദ്ധതി രൂപീകരണത്തിനു ശേഷം അതത് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണോദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതുമാണ്. കൂടാതെ പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്.₹ | വരവ്.₹ | ആകെ.₹ | ചെലവ്.₹ | നീക്കിയിരിപ്പ്.₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 70,067 | 12,99,655 | 13,69,722 | 13,62,419 | 7,303 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,18,05,814 | 2,18,05,814 | 2,18,05,814 | 0 |

മഹാത്മാ ഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ പഞ്ചായത്ത് നടത്തിയ പ്രവർത്തനങ്ങളുടെ അവലോകനം ചുവടെ ചേർക്കുന്നു

| 1. ജോബ് കാർഡുകൾ | |
|---|---|
| ആകെ വിതരണം ചെയ്ത ജോബ് കാർഡുകൾ | 3,211 |
| ആകെ തൊഴിലാളികളുടെ എണ്ണം | 4,446 |
| സജീവമായ ജോബ് കാർഡുകളുടെ എണ്ണം | 1,863 |
| സജീവമായ തൊഴിലാളികളുടെ എണ്ണം | 2,093 |
| (i) സജീവമായ തൊഴിലാളികളിൽ പട്ടികജാതി തൊഴിലാളികളുടെ എണ്ണം[%] | 7.41 |
| (ii) സജീവമായ തൊഴിലാളികളിൽ പട്ടികവർഗ തൊഴിലാളികളുടെ എണ്ണം[%] | 5.35 |

| 2. പദ്ധതി നടത്തിപ്പിന്റെ പുരോഗതി | വർഷം 2017-2018 | വർഷം 2016-2017 | വർഷം 2015-2016 | വർഷം 2014-2015 |
|---|---|---|---|---|
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 80,475 | 84,200 | 81,275 | 58,624 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടികജാതിതൊഴിലാളികളുടെ ശതമാനം | 13.5 | 12.63 | 4.94 | 4.71 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ പട്ടിക വർഗ തൊഴിലാളികളുടെ ശതമാനം | 7.69 | 6.63 | 1.1 | 0.89 |
| ഇതു വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങളിൽ വനിതാ തൊഴിലാളികളുടെ ശതമാനം | 92.4 | 93.7 | 94.85 | 94.05 |
| ഒരു കുടുംബത്തിന് നൽകിയ ശരാശരി തൊഴിൽ ദിനങ്ങൾ | 55.85 | 63.17 | 61.57 | 42.54 |
| ശരാശരി വേതനം (പ്രതിദിനം ഒരാൾക്ക്) | 262.82 | 244.73 | 233.47 | 210.93 |
| 100 ദിനം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 214 | 234 | 288 | 51 |
| ജോലി ചെയ്ത കുടുംബങ്ങളുടെ എണ്ണം | 1,441 | 1,333 | 1,320 | 1,378 |
| ജോലി ചെയ്ത തൊഴിലാളികളുടെ എണ്ണം | 1,560 | 1,435 | 1,395 | 1,457 |
| ജോലി ചെയ്ത ഭിന്ന ശേഷിയുള്ളവർ | 5 | 5 | 5 | 5 |
| 3. പ്രവൃത്തികൾ | | | | |
| ഏറ്റെടുത്ത പ്രവൃത്തികൾ (പുതിയത് + സ്പിൽ ഓവർ) | 461 | 510 | 405 | 290 |

| | | | | |
|---|---|---|---|---|
| തുടർന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ | 88 | 174 | 99 | 31 |
| പൂർത്തിയായ പ്രവൃത്തികളുടെ എണ്ണം | 373 | 336 | 306 | 259 |
| കാറ്റഗറി ബി പ്രവൃത്തികളുടെ ശതമാനം | 27.98 | 24.12 | 18.02 | 2.07 |
| 4. സാമ്പത്തിക പുരോഗതി | | | | |
| ആകെ ചെലവ് (ലക്ഷത്തിൽ) | 226.9 | 290.2 | 134.73 | 197.4 |
| വേതനം (ലക്ഷത്തിൽ) | 211.24 | 279.02 | 130.15 | 189.64 |
| സാധന സാമഗ്രികൾ/ വിദഗ്ധ തൊഴിലാളികളുടെ വേതനം (ലക്ഷത്തിൽ) | 6.82 | 0.59 | 0 | 1.88 |
| സാധന സാമഗ്രികൾ (%) | 3.13 | 0.21 | 0 | 0.98 |
| ഭരണച്ചെലവ് (ലക്ഷത്തിൽ) | 8.84 | 10.58 | 4.58 | 5.88 |
| ഭരണച്ചെലവ്(%) | 3.9 | 3.65 | 3.4 | 2.98 |
| ഒരാൾക്ക് പ്രതിദിനം വരുന്ന ശരാശരി ചെലവ് | 280.76 | 258 | 239.11 | 224.31 |
| EFMS വഴി ചെയ്ത ചെലവിന്റെ ശതമാനം | 100 | 100 | 99.55 | 96.07 |
| 15 ദിവസങ്ങൾക്കുള്ളിൽ ജനറേറ്റ് ചെയ്ത പേമെന്റ് ശതമാനം. | 90.29 | 40.64 | 2.14 | 7.62 |

അവലംബം- തൊഴിലുറപ്പ് പദ്ധതി വെബ്സൈറ്റ്.

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക.₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 36,480 | 61 |
| കർഷകതൊഴിലാളി പെൻഷൻ | 19,80,300 | 180 |
| വിധവാപെൻഷൻ | 1,08,79,400 | 940 |
| വാർദ്ധക്യകാലപെൻഷൻ | 1,32,46,400 | 1,117 |
| വികലാംഗപെൻഷൻ | 39,92,400 | 358 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-10-2018, 2-30 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 57,486 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

(1)ആസ്തികളുടെ പരിപാലനം-പഞ്ചായത്തിൻെറ തനത് ആസ്തികൾ വാങ്ങുന്നതിൽ നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നില്ല. നിലവിലെ ആസ്തികളുടെ സംരക്ഷണം സംബന്ധിച്ച് പരിശോധിച്ചതിൽ ആസ്തികൾ നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിലവിൽ വാങ്ങിയ ആസ്തികളുടെ ഗ്യാരൻെറി, വാറൻെറി എന്നിവ സംബന്ധിച്ച് മോണിട്ടറിങ് ഇല്ല. എല്ലാ ആസ്തികൾക്കും നമ്പറിങ് നടത്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. തെരുവ് വിളക്ക് സംബന്ധിച്ച് സ്റ്റാറ്റസ്റിപ്പോർട്ട് അപൂർണ്ണമാണ്. ആയതിൻെറ ആസ്തി രജിസ്റ്റർ ഇലട്രിക്ക് പോസ്റ്റുകൾക്ക് നമ്പറിങ് നടത്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ആയതിനാൽ വാറൻെറിയുള്ള ലൈറ്റുകൾ ഫിറ്റ് ചെയ്താൽ അവ ഏതാണെന്ന് മനസ്സിലാക്കുന്നതിനും റിപ്പയർ നടത്താനും സംവിധനം ഇല്ല. സംയുക്ത പരിശോധന നടത്തി കൃത്യമായ വിവരത്തിൻെറ അടിസ്ഥാനത്തിൽ ഇലട്രിസിറ്റി ചാർജ്ജ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(2)രജിസ്റ്ററുകളുടെ സൂക്ഷിപ്പ്- ജീവനക്കാരുടെ വിവരങ്ങൾ അടങ്ങുന്ന ഇൻകുമ്പൻസി രജിസ്റ്റർ എഴുതിസൂക്ഷിക്കുന്നില്ല. നിശ്ചിത ജോലിവിഭജനം സംബന്ധിച്ച് അതാത് സെക്ഷനുകൾ

സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ സംബന്ധിച്ച് ഓഫീസ് ഓർഡർ തയ്യാറാക്കിയത് പാലിക്കപ്പെടുന്നില്ല. സെക്ഷനുകൾ പേഴ്സണൽ രജിസ്റ്റർ എഴുതി പ്രതിമാസ സാക്ഷ്യപ്പെടുത്തൽ നടത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ഭരണസമിതി ഈ കാര്യത്തിൽ അടിയന്തിര നിർദ്ദേശം നൽകേണ്ടതാണ്.

(3)മേൽ നോട്ടം- ഭരണസമിതി തലത്തിലും, ജീവനക്കാരുടെ മേൽനോട്ടത്തിന് നിർദ്ധേശിക്കപ്പെട്ടവർ ആയത് സംബന്ധിച്ച് രേഖപ്പെടുത്തലുകൾ നടത്താത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഉദാ- ഓരോ ദിവസത്തേയും ഫയലുകളുടെ നീക്കങ്ങൾ പരിശോധിക്കാൻ പി.ആർ എഴുതി പ്രതിമാസം സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ഇത് പാലിക്കപ്പെടുന്നില്ല. ദിവസവേതനക്കാരെ നിയമിക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതും കരാർ വെയ്ക്കേണ്ടതുമാണ്.

(4)ഫ്രണ്ട് ഓഫീസ് സംവിധാനം- പി.ആർ. എഴുതി സൂക്കിക്കാത്തതിനാൽ സേവനങ്ങൾ യഥാസമയം ലഭ്യമാവുന്നുണ്ടോ എന്നത് പരിശോധിക്കാൻ സാധിക്കുന്നില്ല. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ കൃത്യമായി എഴുതിയിട്ടില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തിസൂക്ഷിക്കേണ്ടതാണ്.

(5)പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ- പരാതി രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ, കൃത്യമായ ഫയലിങ് സിസ്റ്റം ഇല്ലാത്തതിനാൽ ലഭ്യമായ പരാതികൾ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സംവിധാനമില്ല

(6)ഓഫീസ് യോഗങ്ങൾ- നിശ്ചിത ഇടവേളകളിൽ ഓഫീസ് യോഗങ്ങൾ ചേരുന്നില്ല.ചേരുന്ന യോഗങ്ങളിൽ തീരുമാനങ്ങളുടെ സംക്ഷിപ്തം മാത്രമാണ് എഴുതി സൂക്ഷിക്കുന്നത്. ഓഫീസ് മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തി ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ ഉണ്ടാവേണ്ടതും ആയത് മോണിട്ടറിങ് നടത്തേണ്ടതുമാണ് ,

(7)ഫയലുകളിലും മറ്റും യഥാസമയം നടപടി സ്വീകരിക്കൽ – പഞ്ചായത്തിലെ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ നിലനിൽക്കുന്ന ചാർജ്ജ് സർചാർജ്ജ് നടപടികളുടെ തുടർ നടപടി, നിയമസഭ സമിതിയുടെ പരിഗണനയിലുള്ള പരാമർശങ്ങൾ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളിന്മേലും തുടർനടപടി സ്വീകരിക്കുന്നില്ല.

മറ്റ് പ്രസക്തമായവ- പഞ്ചായത്തിന് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും, ഉള്ളവ വർദ്ധിപ്പിക്കുന്നതിനുമുള്ള തീരുമാനങ്ങൾ എടുത്തു നടപ്പിലാക്കുന്നതിന്ന് ധനകാര്യസ്റ്റാൻെറിങ് കമ്മറ്റിയുടെ ഭാഗത്ത് നിന്ന് നടപടി ഉണ്ടായിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പെടെയുള്ളവ, കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല, കൂടാതെ സർക്കാർ തൊഴിൽ മേഖലയിൽ മിനിമം കൂലി നിശ്ചയിച്ച് ഉത്തരാവായിട്ടുള്ളതിനാൽ ആയതിൻെറ അടിസ്ഥാനത്തിൽ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച |
| --- | --- | --- | --- |

| | നടത്തിയ തീയതി | | തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24-09-2018 | 9/2018 | 25-09-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-07-2006 മുതൽ 29-07-2006 വര | 1997-98 മുതൽ 2005-06 വരെ | 16-02-2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി കുടിശ്ശിക

31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം വസ്തു നികുതിയിനത്തിൽ 17,14,098. രൂപ കുടിശ്ശിക നിനിൽക്കുന്നതായി കാണുന്നു. ഇത്രയും ഭീമമായ തുക കുടിശ്ശിക നിലനിൽക്കുന്നത് ശരിയല്ല. കുടശ്ശിക ഉടൻ പിരിവ് നടത്താനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 2-2 മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക-

2017-18 വർഷത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് 9,88,130 രൂപ. ഇതിൽ 6,78,250 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 3,09,880 രൂപ കുടിശ്ശികയുണ്ട്. വിശദീകരണം താഴെ നൽകുന്നു.

| ക്ര.നം. | പേര് | ബാലൻസ് തുക.₹ |
|---|---|---|
| 1 | M/S Dishnet, Wireless Ltd. | 93,593 |
| 2 | Subdivision Engineer, Civil Bsc mobile | 11,815 |
| 3 | Reliance Communication | 1,53,442 |
| 4 | Project Manager, Indus Tower. | 51,030 |
| | മൊത്തം | 3,09,880 |

മൊബൈൽ ടവറുകളുടെ വസ്തു നികുതി ഡിമാന്റ് ഇനത്തിൽ കുടിശ്ശികയായിട്ടുള്ള 3,09,880/- രൂപ പിരിച്ചെടുക്കാനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രോജക്ടുകൾ യഥാസമയം നടപ്പിലാക്കാനായിട്ടില്ല- ചെലവിൽ വലിയ ഇടിവ്

2017-18 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ച മരാമത്ത് പണികൾ യഥാസമയം നടപ്പിലാക്കാനാവാത്തതിനാൽ പദ്ധതിച്ചെലവിൽ വലിയ ഇടിവ് വന്നതായും വലിയ എണ്ണം പ്രോജക്ടുകൾ തുടർ വർഷത്തേക്ക് മാറ്റി വയ്ക്കേണ്ടി വന്നിട്ടുള്ളതായും ശ്രദ്ധയിൽപെട്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകരിച്ച മരാമത്ത് പ്രോജക്ടുകൾ | | മരാമത്ത് പ്രോജക്ടുകൾക്കായി 2017-18 ൽ നടത്തിയ ചെലവ് | | | ചെലവു തുക ശതമാനം |
|---|---|---|---|---|---|
| എണ്ണം | അടങ്കൽ തുക (കോടി) | എണ്ണം | ചെലവ് തുക (കോടി) | ശതമാനം (എണ്ണം) | |
| 91 | 2.80 | 33 | 0.69 | 36 | 25 |

അംഗീകരിച്ച 91 പ്രോജക്ടുകളിൽ 36 എണ്ണത്തിൽ മാത്രമേ 2017-18 ചെലവു നടത്താനായിട്ടുള്ളൂ. അതിനാൽ തന്നെ മരാമത്ത് പ്രോജക്ടുകൾക്കായി 2.80 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയതിൽ 69 ലക്ഷം രൂപ മാത്രമാണ് തൻ വർഷ ചെലവ്. കേവലം 25% മാത്രമാണ് ചെലവ് ശതമാനം. അസിസ്റ്റന്റ് എഞ്ചിനീയർ നടത്തിയ ചെലവിലെ മേൽ പരാമർശിച്ച ഇടിവ് മൂലം പഞ്ചായത്തിന് അലോട്ട് ചെയ്ത വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഫണ്ട്, ലോക ബാങ്ക് ധനസഹായം എന്നിവ വർഷാവസാനം ലാപ്സായതിന് മുഖ്യ കാരണമായിട്ടുണ്ട്.

തൻവർഷം റോഡ് ടാറിംഗ്/ റീടാറിംഗ്/മെച്ചപ്പെടുത്തൽ എന്നിവയ്ക്കായി 56 പദ്ധതികൾ രൂപീകരിച്ചിരുന്നുവെങ്കിലും 16 എണ്ണത്തിനു മാത്രമേ ചെലവു നടത്താനായിട്ടുള്ളൂ. 4 റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ ഒന്നിനു പോലും ചെലവു നടത്താനായിട്ടില്ല. ഇത്തരത്തിൽ ഓരോയിനം പ്രവൃത്തികളിലും നടപ്പിലാക്കാനാവാത്തവ പ്രത്യേക പരിശോധനകൾക്കു വിധേയമാക്കി കാര്യ കാരണങ്ങൾ കണ്ടെത്തി തുടർ വർഷങ്ങളിലെ പദ്ധതി നിർവഹണത്തിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതി- പ്രോജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടില്ല

പ്രോജക്ട് നം 194/18- കർളെ അങ്കണവാടിക്ക് സമീപം കുടിവെള്ള പദ്ധതി

ഫണ്ട്-₹ 2,25,000- ധനകാര്യ കമ്മീഷൻ ഗ്രാന്റ്,₹ 25,000- നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതം

ചെലവ്- പാർട്ട് ബിൽ- 1,06,562 രൂപ (31.03.2016),

ഫൈനൽ ബിൽ- 88,534 രൂപ ( ബിൽ നം. 25, തിയതി: 08.01.2018)

കൺവീനറുടെ പേര്- ശ്രീ. ബാലകൃഷ്ണ ഷെട്ടി

കരാർ നം.- 58/AE/LSGD തിയതി- 05.03.2016

ഈ കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം അടങ്കലിന്റെ 10% തുക ഗുണഭോക്തൃ സമിതി നേരിട്ട് ചെലവഴിക്കുന്ന ഗുണഭോക്തൃ വിഹിതമായി വകയിരുത്തിയിരുന്നു. ആകെ 1,90,085 രൂപയുടെ പ്രവൃത്തി ചെയ്ത ഗുണഭോക്തൃ സമിതിക്ക് രണ്ടു പാർട്ട് ബില്ലുകളിലായി നികുതികൾ കിഴിച്ച് 1,79,890 രൂപ നൽകിയിട്ടുണ്ട്. എന്നാൽ പാർട്ട് ബില്ലിലോ ഫൈനൽ ബില്ലിലോ ഗുണഭോക്തൃ വിഹിതമായി 10% തുക കുറവ് ചെയ്തിട്ടില്ല. ഫയലിൽ ഗുണഭോക്തൃ സമിതിയുടെ ചെലവു വിവരങ്ങൾ സംബന്ധിച്ച ഒരു രേഖകളും ഉൾക്കൊള്ളിച്ചിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ സമിതിക്ക് പ്രവൃത്തി നടത്തിപ്പിന് ചെലവായ യഥാർത്ഥ തുക സംബന്ധിച്ച് പഞ്ചായത്ത് ഒരു പരിശോധനയും നടത്തിയിട്ടില്ല എന്ന് മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ പ്രോജക്ടിൽ വകയിരുത്തിയ ഗുണഭോക്തൃ വിഹിതം ഈടാക്കിയിട്ടു വേണമായിരുന്നു പ്രവൃത്തിയുടെ അന്തിമ ബിൽ നൽകാൻ. ഇപ്രകാരം ചെയ്യാത്തതിനാൽ പ്രവൃത്തി മൂല്യത്തിന്റെ 10% തുക, അതായത് 19,009 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടപ്പെട്ടിട്ടുണ്ട്. ഈ തുക പ്രവൃത്തിയുടെ ഫൈനൽ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 റോഡ് റീ ടാറിംഗ് പ്രവൃത്തി- ടെണ്ടർ കുറവ് കിഴിക്കാത്തതിനാൽ നഷ്ടം-

പ്രോജക്ട് നം. 153/18- കൈത്തോട് പ്രിയദർശിനി നഗർ റോഡ് റീടാറിംഗ്

ഫണ്ട്- ₹3,50,000- മെയിന്റനൻസ് ഫണ്ട് റോഡ്

ചെലവ്-

ഫൈനൽ ബിൽ- 3,49,716 രൂപ ( ബിൽ നം.1, തിയതി 27.06.2017)

കരാറുകാരൻ - ശ്രീ. ബാത്തിഷ.എ.കെ. (1.2 % കുറവ് നിരക്കിൽ)

കരാർ നം. 19/AE/LSGD/KDK/16-17 തിയതി 13.01.2017

ഈ പ്രവൃത്തിയുടെ എം.ബുക്ക് നം. 364/16-17 പ്രകാരം 8 ഇനങ്ങളിലായി 3,49,716 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ച കരാറുകാരന് 1% ആദായ നികുതി, 4%മൂല്യ വർദ്ധിത നികുതി, 1% ക്ഷേമനിധി വിഹിതം എന്നീയിനങ്ങളിൽ ആകെ 20,983 രൂപ കുറവ് ചെയ്ത് 3,28,733 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ടെണ്ടർ കുറവ് ഇനത്തിൽ 1.2% തുക കുറവ് ചെയ്തിട്ടില്ല. ടെണ്ടർ കിഴിവ് ബാധകമാക്കാത്തതിനാൽ 4,197 രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ നഷ്ടം പ്രവൃത്തിയുടെ ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പ്രവൃത്തി നിർവഹണത്തിലെ കാലതാമസം- പിഴ ഈടാക്കിയിട്ടില്ല.

2017-18 ൽ ചെലവു നടത്തിയ മരാമത്ത് പ്രവൃത്തികളിൽ മിക്കവയുടെയും നിർവഹണത്തിൽ വലിയ കാലതാമസം വന്നിട്ടുള്ളതായി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പ്രവൃത്തിയുടെ പേര് | കരാർ നം, തിയതി, കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ് | സൈറ്റ് കൈമാറിയ തിയതി | പ്രവൃത്തി പൂർത്തീകരി ക്കേണ്ടി യിരുന്ന തിയതി | പ്രവൃത്തി പൂർത്തീകരിച്ച തിയതി | കാല താമസം |
|---|---|---|---|---|---|---|
| 1 | പ്രോജക്ട് നം. 161- നീരോളിപ്പാറ ടി.വി ഷെഡ്ഡ് മെയിന്റനൻസ്<br>ചെലവ്- ബിൽ നം. 36, തിയതി 21.03.2018, 89,091 രൂപ | 57/17-18, dated 07.03.2017<br>2 മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 07.03.2017 | 06.05.2017 | 18.01.2018 | 8 മാസങ്ങൾ, 12 ദിവസങ്ങൾ |
| 2 | പ്രോജക്ട് നം. 167- ആലന്തട്ടക്ക അങ്കണവാടി മെയിന്റനൻസ്<br>ചെലവ്- ബിൽ നം. 37, തിയതി 21.03.2018, 1,16,778 രൂപ | 59/AE/LSGD/KDK dated 07.03.2017<br>2 മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 07.03.2017 | 06.05.2017 | 29.01.2018 | 8 മാസങ്ങൾ, 23 ദിവസങ്ങൾ |
| 3 | പ്രോജക്ട് നം. 185/18- മുള്ളേരിയ കരിമ്പുവളപ്പ്- മുണ്ടോൾ റോഡ് ടാറിംഗ്<br>ചെലവ്-ക്യൂബില്ലിൽ ഉൾപ്പെടുത്തി 2018-19 ൽ ആണ് പേമെന്റ് നടത്തിയത്.<br>തുക- 3,20,160രൂപ | 59/AE/LSGD/KDK, dated 27.03.2017<br>2 മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 27.03.2017 | 26.05.2017 | 05.03.2018 | 9 മാസങ്ങൾ, 7ദിവസങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | കരാറുകാരൻ- ശ്രീ.ഷാഹിദ്.കെ | | | | | |
| 4 | പ്രോജക്റ്റ് നം. 187/18- ശാന്തി നഗർ- കരണി റോഡ് ടാറിംഗ് ചെലവ്- ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2018-19 ൽ ആണ് പേമെന്റ് നടത്തിയത്.തുക- 2,77,874രൂപ<br>കരാറുകാരൻ- ശ്രീ.ഷാഹിദ്.കെ. | 49/AE/LSGD/KDK, dated 07.03.2017<br>2 മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 07.03.2017 | 06.05.2017 | 13.03.2018 | 10 മാസങ്ങൾ, 8 ദിവസങ്ങൾ |
| 5 | പ്രോജക്റ്റ് നം. 144/18- കുണ്ടാർ ഉയിത്തടുക്ക റോഡ് പാർശ്വ ഭിത്തി നിർമാണം ചെലവ്- ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2018-19 ൽ ആണ് പേമെന്റ് നടത്തിയത്.<br>തുക-2,27,315രൂപ<br>കരാറുകാരൻ- ശ്രീ.മുഹമ്മദ് അഷറഫ് | 42/AE/LSGD /KDK/15-16, dated 16.02.2016<br>6മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 26.01.2016<br>(കരാറിനു മുമ്പേ തന്നെ സൈറ്റ് കൈമാറി യതായി കാണുന്നു) | 25.07.2016 | 03.04.2017 | 8 മാസങ്ങൾ, 10 ദിവസങ്ങൾ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| 6 | പ്രോജക്റ്റ് നം. 165- കർമന്തൊടി അങ്കണവാടി മെയിന്റനൻസ്<br>ചെലവ്- ബിൽ നം. 35, തിയതി 21.03.2018, 90,418 രൂപകരാറുകാരൻ- ശ്രീ.കൃഷ്ണയ്യ ബല്ലാൽ | 55/AE/LSGD/KDK dated 07.03.2017<br>2 മാസങ്ങൾ<br>(ടെണ്ടർ ഫോർവേർഡിങ്ങ് സ്ലിപ്പ് പ്രകാരം) | 07.03.2017 | 06.05.2017 | 16.01.2018 | 8 മാസങ്ങൾ, 11 ദിവസങ്ങൾ |

കേരള പൊതു മരാമത്ത് വകുപ്പ് മാന്വൽ, പ്രവൃത്തികളുടെ കരാറുകാരുമായി ചമച്ചിട്ടുള്ള കരാർ ഉടമ്പടികളിലെ വ്യവസ്ഥകൾ എന്നിവ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാത്ത പക്ഷം അതിൽ കൂടുതൽ വരുന്ന ഓരോ മൂന്നു മാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതവും പിഴ ചുമത്തിക്കൊണ്ട് മാത്രമേ കരാർ കാലാവധി നീട്ടിക്കൊടുക്കാവൂ. ഇപ്രകാരം കാലാവധി നീട്ടുന്നതിന് സപ്ലിമെന്ററി കരാർ ചമക്കേണ്ടതുമുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിൽ പൂർത്തീകരണ കാലാവധി നീട്ടിക്കൊടുക്കുകയോ പിഴ ഈടാക്കുകയോ ചെയ്തിട്ടില്ല. കരാർ ചമച്ചതിനു ശേഷം കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനായി യാതൊരു നടപടികളും പഞ്ചായത്തോ നിർവഹണ ഉദ്യോഗസ്ഥനോ സ്വീകരിച്ചിട്ടില്ല. കരാറുകാർ അവർക്കു തോന്നിയ സമയം എടുത്താണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്. ഇത് ശരിയായ നടപടിയല്ല. നിർവഹണ സമയം ഓരോ പ്രോജക്ടിന്റെയും കാതലായ ഭാഗമാണ്. പ്രവൃത്തി നിർവഹണം കരാർ പ്രകാരം നടക്കുന്നുവെന്ന് കാലാകാലങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടിയിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. ആയതിനാൽ മേൽ പ്രവൃത്തികളുടെ ബിൽ തുകകൾ നൽകുമ്പോൾ കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവിനേക്കാൾ അധികം സമയം വിനിയോഗിച്ചതിന് കരാർ പ്രകാരമുള്ള പിഴ കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. ഈടാക്കേണ്ടിയിരുന്ന പിഴ ചുവടെ കണക്കാക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ.₹ |
|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 161- നീരോളിപ്പാറ ടി.വി. ഷെഡ് മെയിന്റനൻസ്<br>കരാർ തുക – 90,183 | 8 മാസങ്ങൾ, 12 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് ₹1,000 | 1,000 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 2,000 |
| | | | 7,8 മാസങ്ങളും 12 ദിവസങ്ങളും- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 2,000 |
| | | ആകെ | | 5,000 |
| 2 | പ്രോജക്ട് നം. 167- ആലന്തട്ടക്ക അങ്കണവാടി മെയിന്റനൻസ്<br>കരാർ തുക- ₹1,44,679 | 8 മാസങ്ങൾ, 23 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത്₹ 1,000 | 1,447 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 2,894 |
| | | | 7,8 മാസങ്ങളും 23 ദിവസങ്ങളും- കരാർ തുകയുടെ 2%, കുറഞ്ഞത് ₹ 2,000 | 2,894 |
| | | ആകെ | | 7,235 |
| 3 | പ്രോജക്ട് നം. 185/18- മുള്ളേരിയ കരിമ്പുവളപ്പ്- മുണ്ടോൾ റോഡ് ടാറിംഗ്<br>കരാർ തുക-3,39,740 | 9 മാസങ്ങൾ, 7 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് ₹1,000 | 3,397 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് | 6,794 |

| | | | | |
|---|---|---|---|---|
| | | | ₹2,000 | |
| | | | 7,8,9 മാസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 6,794 |
| | | | 7 ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 6,794 |
| | | | | 23,779 |
| 4 | പ്രോജക്ട് നം. 187/18- ശാന്തി നഗർ- കരണി റേഡ് ടാറിംഗ്<br>കരാർ തുക-2,79,401 | 10 മാസങ്ങൾ, 8 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത്₹ 1,000 | 2,794 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 5,588 |
| | | | 7,8,9 മാസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 5,588 |
| | | | 10 ാമത് മാസം 8ദിവസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 5,588 |
| | | ആകെ | | 19,558 |
| 5 | പ്രോജക്ട് നം. 144/18- കുണ്ടാർ ഉയിത്തടുക്ക റോഡ് പാർശ്വ ഭിത്തി നിർമാണം | 8 മാസങ്ങൾ, 10 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത് ₹1,000 | 2,832 |

| | | | | |
|---|---|---|---|---|
| | | | | |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 5,664 |
| | കരാർ തുക- 2,83,207 | | 7,8 മാസങ്ങൾ, 10ദിവസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 5,664 |
| | | ആകെ | | 14,160 |
| | | | | |
| 6 | പ്രോജക്ട് നം. 165- കർമന്തൊടി അങ്കണവാടി മെയിന്റനൻസ്<br>കരാർ തുക- 90,418 | 8 മാസങ്ങൾ, 11 ദിവസങ്ങൾ | ആദ്യത്തെ മൂന്ന മാസങ്ങൾ- കരാർ തുകയുടെ 1%, കുറഞ്ഞത്₹1,000 | 1,000 |
| | | | 4,5,6 മാസങ്ങൾ- കരാർ തുകയുടെ 2%, കുറഞ്ഞത് ₹2,000 | 2,000 |
| | | | 7,8 മാസങ്ങൾ, 11ദിവസങ്ങൾ - കരാർ തുകയുടെ 2%, കുറഞ്ഞത് 2,000 | 2,000 |
| | | ആകെ | | 5,000 |
| | | | ആകെ മൊത്തം | 74,732 |

പിഴ ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിന് മേൽ വിവരിച്ച പ്രകാരം ഉണ്ടായിട്ടുള്ള നഷ്ടം പ്രവൃത്തികളുടെ അന്തിമ ബില്ലുകൾ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 1, തിയതി 16.10.2018)

## 3-5 മരാമത്ത് പ്രവൃത്തി- കരാർ ചമക്കുന്നതിൽ കാലതാമസം-പിഴ ഈടാക്കിയിട്ടില്ല.

കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 ക്ലോസ് അനുസരിച്ച് സെലക്ഷൻ നോട്ടീസിന്റെ

തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ പ്രവൃത്തി ലഭിച്ച കരാറുകരാൻ കരാർ ഉടമ്പടി ചമച്ചിരിക്കേണ്ടതാണ്. തുടർന്നുള്ള 10 ദിവസങ്ങളിൽ കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് കരാർ ചമക്കാൻ അനുവദിക്കാവുന്നതാണ്. എന്നാൽ ഈ 10 ദിവസങ്ങളിലും കരാറുകാരൻ കരാർ ഉടമ്പടി ചമക്കുന്നില്ലെങ്കിൽ ഈ ബിഡ് തള്ളി പ്രവൃത്തി നിർവഹണത്തിന് ടെണ്ടറിംഗ് അധികാരിക്ക് തുടർന്നുള്ള ചെറിയ തുക ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്താവുന്നതോ റീ ടെണ്ടർ ചെയ്യാവുന്നതോ ആണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തിയിൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത സമയത്തിനുള്ളിൽ കരാർ വയ്ക്കാത്തതായും ബിഡ് തള്ളുന്നതുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ എടുക്കാതെ വൈകി കരാർ ചമച്ചതായും വൈകി കരാർ വച്ചതിന് മാന്വലിൽ അനുശാസിക്കുന്ന പിഴ ഈടാക്കാത്തതായും കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാർ തുക, കരാറുകാരൻ | സെലക്ഷൻ നോട്ടീസിന്റെ തിയതി | പിഴ കൂടാതെ കരാർ ചമക്കാമായിരുന്ന തിയതി | 1% പിഴയോടു കൂടി കരാർ ചമക്കാമായിരുന്ന തിയതി | കരാർ ചമച്ച തിയതി | പിഴ ഈടാക്കാത്തതിനാലുള്ള നഷ്ടം |
|---|---|---|---|---|---|
| പ്രോജക്ട് നം. 142- മിഞ്ചിപ്പദവ് മിത്തൂർ റോഡ് ടാറിംഗ്<br>കരാർ തുക-3,49,815<br>കെ.ടി.അബ്ദുൾ ബഷീർ | 15.12.2015 | 29.12.2015 | 08.01.2016 | 05.02.2016 | 3,498 |

പിഴ ഈടാക്കാത്തതു മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം കരാർ വച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 3-6 റോഡ് ടാറിംഗ് റീ ടാറിംഗ് പ്രവൃത്തികൾ- ബിറ്റുമിന്റെയും എമൽഷന്റെയും ഒറിജിനൽ ബിൽ ഇല്ലാതെ പേമെന്റ് നടത്തി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതു മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് (പി)നം.96/2016/ഫിൻ, തിയതി 15.07.2016 പ്രകാരം ബിറ്റുമിനസ് ഇനങ്ങളുടെ നിരക്ക് സംബന്ധിച്ച് സ്പഷ്ടത വരുത്തിയിട്ടുണ്ട്. ഈ ഉത്തരവിൽ ബിറ്റുമിനസ് ഇനങ്ങളുടെ പേമെന്റ് ഒറിജിനൽ

ഇൻവോയ്സുകളുടെ ബലത്തിൽ മാത്രമേ നടത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, 2017-18 വർഷം പ്രൈസിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ പല പ്രവൃത്തികളിലും ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തിയതായി കാണുന്നു. സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കാത്തത് ശരിയല്ല. ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ കൈപ്പറ്റാതെ പേമെന്റ് നടത്തിയ പ്രവൃത്തികളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | പേമെന്റ് വിശദാംശങ്ങൾ | ഉപയോഗിക്കേണ്ട ബിറ്റുമിനസ് ഇനങ്ങൾ | റിമാർക്സ് |
|---|---|---|---|---|
| 1 | പ്രോജക്ട് നം. 187/18- ശാന്തി നഗർ- കരണി റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.ഷാഹിദ്.കെ | ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2018-19 ൽ ആണ് പേമെന്റ് നടത്തിയത്.<br>തുക- 2,77,874 രൂപ | SS1എമൽഷൻ,<br>RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല |
| 2 | പ്രോജക്ട് നം. 185/18- മുള്ളേരിയ കരിമ്പുവളപ്പ്- മുണ്ടോൾ റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.ഷാഹിദ്.കെ | ക്യൂ ബില്ലിൽ ഉൾപ്പെടുത്തി 2018-19 ൽ ആണ് പേമെന്റ് നടത്തിയത്.<br>തുക- 3,20,160 രൂപ | SS1എമൽഷൻ,<br>RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല |
| 3 | പ്രോജക്ട് നം. 150/18- മുള്ളേരിയ കാനക്കോട് പൂതപ്പള്ളം റോഡ് റീ ടാറിംഗ്-കരാറുകാരൻ- ശ്രീ.അബ്ദുൾറഹിമാൻ.പി.എ | ബിൽ നം.11, തിയതി 29.07.2017,<br>തുക- 99,948 രൂപ | RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല |
| 4 | പ്രോജക്ട് നം. 153/18- കൈത്തോട് പ്രിയദർശിനി | ബിൽ നം.1, തിയതി | RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ |

| | | | | |
|---|---|---|---|---|
| | നഗർ റോഡ് റീ ടാറിംഗ്<br>കരാറുകാരൻ- ശ്രീ.ബാത്തിഷ.എ.കെ | 27.06.2017,<br>തുക- 3,49,716 രൂപ | | ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല |
| 5 | പ്രോജക്ട് നം. 184/18- ആദൂർ പള്ളം കോയക്കുടില്ല 2 റോഡ് ടാറിംഗ്- കരാറുകാരൻ- ശ്രീ.ബാത്തിഷ.എ.കെ. | ബിൽ നം. 12, തിയതി 17.08.2017,<br>തുക- 2,10,578 രൂപ | SS1എമൽഷൻ,<br>RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | SS1എമൽഷൻ,<br>RS1 എമൽഷൻ എന്നീ ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല. VG-30 ബിറ്റുമിൻ വാങ്ങിയ 30.03.2017 ലെ 373/cs/po/2017 നമ്പർ ഒറിജിനൽ ഇൻവോയ്സ് ഫയലിൽ ഉണ്ട്. എന്നാൽ ഇത് മഞ്ഞംപാറ മൂല റോഡ് റീടാറിംഗ് എന്ന പ്രവൃത്തിക്ക് വേണ്ടി ബാത്തിഷ.എ.കെ വാങ്ങിയ ടാർ ആണ്. |
| 6 | പ്രോജക്ട് നം. 183/18- മുണ്ടോൾ മൂല പണിയ റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.ഫൈസൽ.കെ.ഐ. | ബിൽ നം. 15, തിയതി 17.08.2017,<br>തുക- 3,49,979 രൂപ | SS1എമൽഷൻ,<br>RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല. |

| | | | | |
|---|---|---|---|---|
| 7 | പ്രോജക്റ്റ് നം. 180/18- മുള്ളേരിയ പാർത്തക്കൊച്ചി ബളക്ക റോഡ് ടാറിംഗ്<br>കരാറുകാരൻ- ശ്രീ.കൃഷ്ണൻ കോളിക്കാൽ | ബിൽ നം. 13, തിയതി 17.08.2017,<br>തുക- 4,00,000 രൂപ | SS1എമൽഷൻ,<br>RS1 എമൽഷൻ,<br>VG-30 ബിറ്റുമിൻ | ബിറ്റുമിനസ് ഇനങ്ങളുടെ ഒറിജിനൽ ഇൻവോയ്സുകൾ ഫയലിൽ ഇല്ല. |

## 3-7 റോഡ് മെച്ചപ്പെടുത്തൽ പ്രവൃത്തി- അധികച്ചെലവ്

പ്രവൃത്തിയുടെ പേര്- മുള്ളേരിയ അടുക്കം റോഡ് മെച്ചപ്പെടുത്തൽ (പ്രോജക്റ്റ് നം. 143/18)

കൺവീനർ- - ശ്രീ.രാജൻ.എ.എ.

കരാർ നം. 64/AE/LSGD/KDK തിയതി -22.03.2017

എസ്റ്റിമേറ്റ്- 3,41,043 രൂപ

സാങ്കേതികാനുമതി- 74459/2016-17

പാർട്ട് ബിൽ- ഗ്രോസ് തുക- 2,00,393 രൂപ (2016-17 ൽ നൽകി)

അന്തിമ ബിൽ - ക്യൂ ബിൽ ആയി 2018-19 ൽ നൽകി (ഗ്രോസ് തുക-₹91,850)
റീട്ടെൻഷൻ തുക തിരികെ നൽകിയത്- 21,548 രൂപ (2018-19 ൽ നൽകി)
എം. ബുക്ക് നം. 399/16-17, 247/17-18
ഈ പ്രവൃത്തിയുടെ രേഖകൾ പരിശോധിച്ചതിൽ, ചുവടെ ചേർത്ത കാരണങ്ങളാൽ പഞ്ചായത്തിന് അധികച്ചെലവ് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

1.)ഈ പ്രവൃത്തി നടപ്പിലാക്കിയത് ഗുണഭോക്തൃ സമിതിയാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 2014 ലെ ഡെൽഹി നിരക്കുകളും MORD ഡാറ്റയും അവലംബിച്ചാണ്. എസ്റ്റിമേറ്റിൽ 10% ഓവർഹെഡ് ചാർജസ് അനുവദിച്ചിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ജി.ഒ.(പി.)നം.30/2016/ഫിൻ, തിയതി 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജസ് മാത്രമേ ഉൾപ്പെടുത്താവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ പ്രവൃത്തിക്ക് ഓവർഹെഡ് ചാർജ് ഇനത്തിൽ അനുവദിച്ച 10% ൽ 2.5% തുകയും അനുവദിക്കാനാവില്ല.
2.)ഗുണഭോക്തൃ സമിതികൾക്ക് 7.5.% ഓവ്വഹെഡ് ചാർജസ് അനുവദിക്കുന്ന പക്ഷം പ്രവൃത്തിയുടെ നികുതികളും ക്ഷേമനിധി വിഹിതവും കൺവീനർമാർ തന്നെ വഹിക്കണമെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ പാർട്ട് ബില്ലിൽ ആദായ നികുതിയും ക്ഷേമനിധി വിഹിതവും പഞ്ചായത്ത് വഹിച്ചതായും കാണുന്നു.

പ്രവൃത്തിയുടെ പേമെന്റ് നടത്തേണ്ടിയിരുന്നത് ചുവടെ ചേർത്ത പ്രകാരമാണ്.

പ്രവൃത്തിയുടെ ആകെ മൂല്യം-₹ 3,06,417

7.5% ഓവ്വഹെഡ് ചാർജസ് മാത്രം ഉൾപ്പെടുത്തിയുള്ള പ്രവൃത്തി മൂല്യം- 2,99,453 രൂപ

( -) നികുതികൾ

ആദായ നികുതി- (2%)-₹ 5,983

ക്ഷേമനിധി വിഹിതം- (1%)- ₹2,995

കൺവീനർക്ക് നൽകേണ്ടിയിരുന്ന നെറ്റ് തുക-₹ 2,90,475

പഞ്ചായത്ത് വഹിക്കേണ്ടിയിരുന്ന ആകെ പ്രോജക്ട് കോസ്റ്റ്- ₹2,99,453.

പഞ്ചായത്ത് വഹിച്ച ആകെ പ്രോജക്ട് കോസ്റ്റ്- ₹3,13,791

അധികം- 14,338 രൂപ.

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3, തിയതി 16.10.2018) മറുപടി നൽകിയിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ അന്തിമ ബിൽ തീർപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. 2017-18 വർഷം പ്രവൃത്തിക്ക് പേമെന്റ് ഒന്നും നടത്തിയിട്ടില്ലാത്തതിനാൽ ഈ ഖണ്ഡിക പ്രകാരമുള്ള നഷ്ടം ഈ ഓഡിറ്റ് റിപ്പോർട്ടിലെ ആകെ നഷ്ടങ്ങളിൽ പെടുത്തിയിട്ടില്ല. മറ്റു ഖണ്ഡികകളിൽ നടപടി സ്വീകരിക്കുന്നതു പോലെത്തന്നെ ഈ ഖണ്ഡികയിലും നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 മൃതദേഹം ദഹിപ്പിക്കുന്നതിനുള്ള ഇരുമ്പു പെട്ടി വാങ്ങിയതിൽ അധികച്ചെലവ്

പ്രോജക്ട് നം. 27- എസ്.സി. കോളനികൾക്ക് മൃതദേഹങ്ങൾ ദഹിപ്പിക്കുന്നതിനുള്ള ഇരുമ്പുപെട്ടി

ഫണ്ട്- വികസന ഫണ്ട് എസ്.സി.പി- ₹5,50,000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ചെലവ്- 5,50,000 രൂപ (ബിൽ നം-14, തിയതി 28.03.2018)

വികസന ഫണ്ട് (പ്രത്യേക ഘടക പദ്ധതി) ഉപയോഗിച്ച് 5,50,000 രൂപ ചെലവിൽ 11 എസ്.സി. കോളനികൾക്ക് മൃത ദേഹങ്ങൾ ദഹിപ്പിക്കുന്നതിനുള്ള ഇരുമ്പു പെട്ടികൾ വാങ്ങി നിൽകിയിട്ടുണ്ട്. ഇ-ടെണ്ടർ നടപടി ക്രമങ്ങളിലൂടെ റെയ്ഡ്കോ യുടെ കാസറഗോഡ് ശാഖയിൽ നിന്നാണ് പെട്ടികൾ വാങ്ങിയത്. അസിസ്റ്റന്റ് സെക്രട്ടറി 01.03.2018 തിയതിയിൽ റെയ്ഡ്കോയ്ക്ക് നൽകിയ K3-19/17 നമ്പർ പർച്ചേസ് ഓർഡർ അനുസരിച്ച് 50,000 രൂപ നിരക്കിൽ 11 പെട്ടികൾ വിതരണം ചെയ്യാൻ ഓർഡർ നല്കുകയും (ആകെ 5,50,000 രൂപ) റെയ്ഡ്കോയുടെ 19.03.2018 തിയതിയിലെ KSD/2030/2017-18 നമ്പർ ഇൻവോയ്സ് പ്രകാരം 11 പെട്ടികളുടെ വിലയായി 5,23,809 രൂപയും ജി.എസ്.ടി. ഇനത്തിൽ 26,191 രൂപയും (ആകെ-5,50,000 രൂപ) ക്ലെയിം ചെയ്തു കൊണ്ട് 11 പെട്ടികൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

എന്നാൽ, ഇ-ടെണ്ടർ നടത്തിയതിന്റെ (ടെണ്ടർ ഐ.ഡി. ) ടാബുലേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ, 11 പെട്ടികൾക്കായി നികുതികൾ ഉൾപ്പെടെ 5,31,300 രൂപ മാത്രമാണ് റെയ്ഡ്കോ ക്വാട്ട് ചെയ്തത് എന്നു കാണുന്നു. എന്നാൽ ഇതിനു വിരുദ്ധമായി 11 പെട്ടികൾക്കായി 5,50,000 രൂപയാണ് റെയ്ഡ്കോക്ക് നൽകിയത്. 18,700 രൂപ അധികം നൽകിയിട്ടുണ്ട്.

പ്രോജക്ട് നടപ്പിലാക്കിയ അസിസ്റ്റന്റ് സെക്രട്ടറി, ടെണ്ടറിൽ ക്വാട്ട് ചെയ്ത നിരക്കുകൾ അവഗണിച്ച് പർച്ചേസ് ഓർഡർ നൽകിയതാണ് മേൽ അപാകതകൾക്ക് വഴി വച്ചത്. ആയതിനാൽ പഞ്ചായത്ത് ഫണ്ടിന് നേരിട്ട നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി

നികത്തേണ്ടതാണ്.

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽ പെട്ട മറ്റു അപാകതകൾ ചുവടെ ചേർക്കുന്നു-

1. ഈ പ്രോജക്ടിൽ നടത്തിയ വാങ്ങലിന്റെ ഇ-ടെണ്ടർ 24.02.2018 ലെ 3/5 നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ റെയ്ഡ്കോ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (എസ്റ്റിമേറ്റ് റേറ്റ്) അംഗീകരിക്കാൻ തീരുമാനിച്ചു എന്നാണ് തീരുമാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തീരുമാനം വ്യക്തമല്ല.

2. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടിന്റെ രേഖപ്പെടുത്തലുകളോ സാക്ഷ്യപ്പെടുത്തലുകളോ ഇല്ലാത്ത ഫോം ആണ് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## 3-9 പശു വളർത്തൽ പദ്ധതി-

(നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ)

പ്രോ.നം. 116/18, ചെലവ് -₹6,00,000-(3,00,000 വികസന ഫണ്ട് +3,00,000 (ഗുണഭോക്തൃ വിഹിതം)
പശു വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിനായി വെറ്ററിനറി സർജൻ താഴെ കാണിച്ചത് പ്രകാരം 3,00,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 15 ഗുണഭോക്താക്കൾക്ക് പശുക്കളെ വിൽപ്പന നടത്തിയവർക്ക് നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം/തീയതി | തുക.₹ |
|---|---|---|
| 1 | 2/2017-18തി: 19-02-2018 | 2,46,000 |
| 2 | 6/2017-18തി: 29-03-2018 | 54,000 |
| | മൊത്തം തുക | 3,00,000 |

ഈ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ താഴെ നൽകുന്നു.

(1) പർച്ചേസിങ്ങ് കമ്മിറ്റി സാക്ഷ്യപത്രങ്ങൾ ബന്ധപ്പെട്ട ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വാങ്ങൽ നടപടികൾ പർച്ചേസിങ്ങ് കമ്മിറ്റി നേരിട്ട് നടത്തിക്കാണുന്നില്ല. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും, വെറ്റനറി സർജ്ജൻ കൺവീനറും 5 ഗുണഭോക്താക്കൾ അംഗങ്ങളുമായുള്ള പർച്ചേസിങ്ങ് കമ്മിറ്റി പഞ്ചായത്ത് തല പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടി ഉരുക്കളുടെ വാങ്ങൽ നടപടികൾ നിർവ്വഹിക്കണം എന്ന പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
(2) ഈ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് പരിഷോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

( ഓഡിറ്റ് അന്വേഷണം.നം. 9 തീയതി 17-10-2018)

## 3-10 സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (ടി.എസ്.പി)-

(നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ)

പ്രോ.നം. 87/18, ചെലവ് -₹1,49,986.

ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ ബിൽ.ഐ.ഡി.നം. 17200252018900200000 തീയതി 21-03-2018 പ്രകാരം 1,49,986 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 30 എണ്ണം ടേബിൾ, 30എണ്ണം കസേരകളുടെ വിലയായി ആർട്ടിസൻ ഡവലപ്മെന്റ് കോ-ഓപറേറ്റിവ് സൊസൈറ്റി കേഴിക്കോഡിനു നൽക്കിയിട്ടുണ്ട്.

പർച്ചേസ് നടത്തിയ സാധനങ്ങളുടെ വിശദീകരണം താഴെ നൽകുന്നു.

| Sl. No. | Item | Rate | Qty | Amount.₹. |
|---|---|---|---|---|
| 1 | Steel table with 1 drawer& cupboard or 3 drawer on right side with Novopan top | 3,730 | 30 | 1,11,900 |
| 2 | Steel Arm Chair | 1,270 | 30 | 38,100 |
| Total | | | | 1,50,000 |

ഫർണിച്ചർ വിതരണം നടത്തിയതിന്റെ വിവരം താഴെ നൽകുന്നു

| Sl.No. | Name of School | No.ofStudents/ | Furniture Item |
|---|---|---|---|
| 1 | A.U.P.S. Mulleria. | 13 | 13table+13 chair |
| 2 | A.U.P.S. Kuntar. | 13 | 13table+13 chair |
| Total | | 26 | 26table+26chair |

(1) മുകളിൽ കാണിച്ച 2 സ്കൂൾ കുട്ടികൾക്ക് മൊത്തം 26 എണ്ണം മാത്രമേ വിതരണം നടത്തിട്ടുള്ളൂ.ബാക്കി 4 ടേബിൾ, 4 കസേരകൾ വിതരണം നടത്തിയതിന്റെ രേഖ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(2) സ്കൂളുകൾ നൽക്കിയ ഫർണിച്ചർ വിതരണ സ്റേറ്റ്മെന്റിൽ ഫർണ്ണിച്ചറുകളുടെ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 10 തീയതി 17-10-2018)

## 3-11 സ്കൂൾ കുട്ടികൾക്ക് ഫർണിച്ചർ (എസ്.സി.പി)-

(നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ)

പ്രോ.നം. 88/18, ചെലവ് -₹3,99,973

ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ ബിൽ. ഐ.ഡി.നം. 17200252018901200000 പ്രകാരം 3,99,973രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 80 എണ്ണം ടേബിൾ,80എണ്ണം കസേരകളുടെ വിലയായി ആർട്ടിസൻ ഡവലപ്മെന്റ് കോ-ഓപറേറ്റീവ് സൊസൈറ്റി കേഴിക്കോടിന് നൽകിയിട്ടുണ്ട്.

പർച്ചേസ് നടത്തിയ സാധനങ്ങളുടെ വിശദീകരണം താഴെ നൽകുന്നു.

| Sl.No. | Item | Rate | Qty | Amount.₹ |
|---|---|---|---|---|
| 1 | Steel table with 1 drawer& cupboard or 3 drawer on right side with Novopan top 36x18x30 inch | 3,730 | 80 | 2,98,400 |
| 2 | Steel Arm Chair | 1,270 | 80 | 1,01,600 |
| Total | | | | 4,00,000 |

ഫർണിച്ചർ വിതരണം നടത്തിയതിന്റെ വിവരം താഴെ നൽകുന്നു

| Sl. No. | Name of School | No. of Students | Furni-Item |
|---|---|---|---|
| 1 | GVHSS, Karadka | 30 | 30 table<br>30 chair |
| 2 | GVHSS, Mulleria | 16 | 16 table<br>16 chair |
| 3 | GVHSS, Adhur | 4 | 4 table<br>4 chair |
| 4 | A.U.P.S, Mulleria | 17 | 17 table<br>17 chair |
| | Total | 67 | 67 table<br>67 chair |

(1) മുകളിൽ കാണിച്ച 4 സ്കൂൾ കുട്ടികൾക്ക് മൊത്തം 67 എണ്ണം മാത്രമേ വിതരണം നടത്തിട്ടുള്ളൂ. ബാക്കി 13 ടേബിൾ, 13 കസേരകൾ വിതരണം നടത്തിയതിന്റെ രേഖ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

(2) സ്കൂളുകൾ നൽകിയ ഫർണിച്ചർ വിതരണ സ്റ്റേറ്റ്മെന്റിൽ ഫർണ്ണിച്ചറുകളുടെ സ്പെസിഫിക്കേഷൻ കാണിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഹൈസ്കൂൾ കുട്ടികൾക്ക് സൈക്കിൾ-

(നിർവ്വഹണ ഉദ്യോഗസ്ഥൻ-ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ)

പ്രോ.നം. 208/18, ചെലവ് -₹1,56,280.

ഹെഡ്മാസ്റ്റർ ജി.എൽ.പി.എസ്.മഞ്ഞംപാറ ബിൽ.ഐ.ഡി.നം.17200252018901300000 പ്രകാരം 1,56,280 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 36 എണ്ണം സൈക്കിൾ വാങ്ങിയതിന്റെ വിലയായി ഹീറാ ട്രേഡിങ്ക് കാഞ്ഞങ്ങാടിനു നൽകിയിട്ടുണ്ട്.

പർച്ചേസ് നടത്തിയ സാധനങ്ങളുടെ വിശദീകരണം താഴെ നൽകുന്നു.

Invoice No. 3062 dt. 26-03-2018

| Sl.No. | Item | Rate | Qty | Amount.₹ |
|---|---|---|---|---|
| 1 | Hero Mig 26 SS(Boys) | 3,687.53 | 17 | 62,688.01 |
| 2 | Hero Mis Gold Velvet 26 (Girls) | 4,044.63 | 19 | 76,847.97 |
| GST | | | | 16,744 |
| Total | | | | 1,56,279.98 Rounded to Rs 1,56,280 |

36 എണ്ണം സൈക്കിൾ വിതരണം നടത്തിയതിന്റെ രേഖ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 1,56,280 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. 12 തീയതി 17-10-2018)

## 3-13 വൈദ്യുതി ബോർഡിന് നൽകിയ ഡെപ്പോസിറ്റിന്റെ വിനിയോഗ വിവരം ലഭ്യമല്ല.

പ്രോജക്ട് നം. 53/2018- തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് തെരുവ് മെയിൻ ലൈൻ വലിച്ച് മീറ്റർ സ്ഥാപിക്കൽ (സ്പിൽ ഓവർ പ്രോജക്ട്)

ഫണ്ട്- ₹5,80,939 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ്- 3,31,103 രൂപ (ബിൽ നം.13/തിയതി.27.09.2018. )

മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷനു കീഴിലുള്ള കാറഡുക്ക ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനു മുന്നോടിയായി ലൈൻ വലിക്കുന്നതിനും മീറ്ററുകൾ സ്ഥാപിക്കുന്നതിനുമായി 2016-17 ൽ പ്രോജക്ട് നം. 201/17 ഏറ്റെടുത്ത് നടത്തിയിരുന്നു. ആ വർഷം വികസന ഫണ്ടിൽ നിന്ന് 19,04,741 രൂപ പിൻ വലിച്ച് മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിരുന്നു. തുടർന്ന് 2017-18 ൽ സ്പിൽ ഓവർ പ്രോജക്ട് ആയി ഏറ്റെടുക്കുകയും 3,31,103 രൂപ പിൻ വലിച്ച് 2,75,403 രൂപ മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും 55,700 രൂപ ബദിയടുക്ക ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്കും ഇതേ ആവശ്യത്തിനായി നൽകിക്കാണുന്നു. പ്രോജക്ടിന്റെ രേഖകളിൽ ചുവടെ ചേർത്ത പോരായ്മകൾ കാണുന്നു.

1. മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ആകെ നൽകിയ 21,80,144

രൂപയിൽ 2017-18 വർഷം നൽകിയ 2,75,403 രൂപയുടെ വിനിയോഗ സാക്ഷ്യ പത്രം മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. 2016-17 ൽ നൽകിയ 19,04,741 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.
2.ബദിയടുക്ക ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് നല്കിയ 55,700 രൂപയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമല്ല.
3. മുള്ളേരിയ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 2016-17 ൽ നൽകിയ 19,04,741 രൂപയുടെ കൈപ്പറ്റ് രസീതി ലഭ്യമല്ല.
4. പഞ്ചായത്ത് സെക്രട്ടറിയും കാസറഗോഡ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ ഏർപ്പെടേണ്ട കരാർ മുദ്രപ്പത്രത്തിൽ പ്രിന്റ് ചെയ്ത് ഫയലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഈ ഉടമ്പടി പൂരിപ്പിച്ചിട്ടില്ല. കരാറിൽ കാസറഗോഡ് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒപ്പു വച്ചിട്ടില്ല. കരാറിന് നമ്പർ നൽകിയിട്ടില്ല.
5.ബദിയടുക്ക ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 55,700 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ്, റഫ് കോസ്റ്റ് എസ്റ്റിമേറ്റ്, തുകയുടെ കൈപ്പറ്റ് രശീതി തുടങ്ങിയ രേഖകൾ ഇല്ല.
6. മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ല.

മേൽ രേഖകളുടെ അഭാവത്തിൽ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ തുക കൈപ്പറ്റിയ സ്ഥാപനങ്ങളിൽ നിന്ന് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് കൈപ്പറ്റേണ്ടതും വിനിയോഗിക്കാത്ത തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

## 3-14 മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

ഹോമിയോ ഡിസ്പെൻസറിക്ക് പ്രൊജക്ട് നം.S0.096/2018 പ്രകാരം മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതി ഫാർമസി ലിമിറ്റഡ് ആലപ്പുഴ എന്ന കമ്പനിക്ക് 2,00,000/- രൂപ ബിൽ നം.03/17-18 തീയതി 26.01.2018 Utr No.4000000335111246 NEFT തീയതി 12.01.2018 മുഖേന നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായിട്ടും മരുന്ന് പ്രസ്തുത കമ്പനി വിതരണം ചെയ്തിട്ടില്ല.മരുന്ന് അടിയന്തിരമായി ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.01,തിയതി 16.10.2018 ന് മറുപടി നൽകിയിട്ടില്ല.

## 3-15 പി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സിലെ വൈദ്യുതി ചാർജ്ജ് അടച്ചത്

മുള്ളേരിയ ഇലക്ട്രിക് സെക്ഷന്റെ കീഴിലെ കൺസ്യൂമർ നം. 1166915019887, പുതിയതായി പണി കഴിപ്പിച്ച പി.എച്ച്.സി. സ്റ്റാഫ് ക്വാർട്ടേഴ്സിലെ, 2018 ജനവരി, ഫെബ്രുവരി മാസങ്ങളിലെ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടച്ചതായി കാണുന്നു. യഥാക്രമം വൗച്ചർ നം.935/16.02.18 (ബിൽ നം.6691180103775/ 16.01.2018, ₹ 213/-), വൗച്ചർ നം.1068/27.03.2018 (ബിൽ നം.6691180305964/ 08.03.2018, ₹ 926/-) എന്നിവ. സ്റ്റാഫ് ക്വാർട്ടേഴ്സിലെ വൈദ്യുതി ചാർജ്ജ് അടക്കേണ്ടത്, അവിടുത്തെ താമസക്കാരുടെ ഉത്തരവാദിത്വമാണ്. അതിനാൽ ഇപ്രകാരം ചെലവഴിച്ച ₹ 1,139/- എത്രയും വേഗം ഉത്തരവാദിയായ താമസക്കാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ച് വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി - 16 (തിയതി-20.10.2018)).

## 3-16 മുൻകൂർ യാത്രാബത്ത നൽകിയത് ക്രമീകരിച്ചില്ല

ലൈഫ് മിഷൻ പദ്ധതിയുടെ മേഖല തല അവലോകനത്തിനായി എറണാകുളത്തിന് പോയ (27/29.11.2017) പ്രസിഡന്റിന്, വൗച്ചർ നം:716 /25.11.2017 പ്രകാരം ₹ 1,000/- മുൻകൂർ യാത്രാബത്ത അനുവദിക്കുകയുണ്ടായി. പിന്നീട് പ്രസിഡന്റിന് 04/2017 മുതൽ 01/2018 വരെയുള്ള യാത്രാബത്ത അനുവദിച്ചപ്പോൾ ( ₹ 8,250/- വൗച്ചർ നം:936/16.02.2018), മുൻകൂർ നൽകിയ തുക ക്രമീകരിക്കുകയുണ്ടായില്ല. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള( നം-16, തിയതി -20.10.2018) മറുപടിയിൽ, തുടർന്നു വരുന്ന യാത്രാബത്ത ബില്ലുകളിൽ ഈ തുക ക്രമീകരിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ചതിനു ശേഷം വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-17 ഡ്രൈവർമാരുടെ യൂണിഫോം അലവൻസ് സംബന്ധിച്ച്

ധനകാര്യ വകുപ്പിന്റെ 23.05.2017 ലെ സർക്കുലർ നം:38/2017 ൽ യൂണിഫോം അലവൻസ് കൈപ്പറ്റിയ ജീവനക്കാർ അനുവർത്തിക്കേണ്ട നടപടികളെപ്പറ്റിയും അവരുടെ മേലധികാരികൾ കൈക്കൊള്ളേണ്ട നടപടികളെയും കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ഇതിലെ ക്രമ നം. (2) പ്രകാരം യൂണിഫോം അലവൻസ് കൈപ്പറ്റിയ എല്ലാ ജീവനക്കാരും ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ക്രമ നം. (3) പ്രകാരം ഡ്യൂട്ടി സമയത്ത് യൂണിഫോം ധരിക്കാത്ത ജീവനക്കാരിൽ നിന്നും, കൈപ്പറ്റിയ യൂണിഫോം അലവൻസ്, 12% പിഴപലിശ സഹിതം, തിരികെ ഈടാക്കുന്നതിന് മേലധികാരിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്രമനം. (7) പ്രകാരം ഗവണ്മെന്റ് വാഹനങ്ങളിലെ ഡ്രൈവർമാർ ഡ്യൂട്ടി സമയത്ത് സ്പെസിഫൈഡ് യൂണിഫോമിലാണെന്ന് മേലധികാരി ഉറപ്പു വരുത്തേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

പഞ്ചായത്തിലെ സ്ഥിരം ഡ്രൈവർക്ക്, വൗച്ചർ നം.-1066/27.03.2018 പ്രകാരം 2017-18 വർഷത്തിൽ, ₹ 2,400/- യൂണിഫോം അലവൻസ് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഇവർ ഡ്യൂട്ടി സമയത്ത് സ്പെസിഫൈഡ് യൂണിഫോം ധരിക്കുന്നതായി കണ്ടില്ല. യൂണിഫോമുമായി ബന്ധപ്പെട്ട് - അവയുടെ നിറം, ധരിക്കേണ്ട സമയം തുടങ്ങിയ കാര്യങ്ങളിൽ ഭരണസമിതി തീരുമാനം ഉള്ളതായി കാണുന്നില്ല . അതിനാൽ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു. (ഓഡിറ്റ് എൻക്വയറി നം. 16 /20.10.2018).

## 3-18 കുടിവെള്ള വിതരണം സംബന്ധിച്ച്

2017-18 വർഷത്തിൽ വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായി കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ടാങ്കറുകളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ (SC2/1054/17/dtd:08.05.2017,Secretary, Karadka G.P.) ക്ഷണിക്കുകയുണ്ടായി. ഏറ്റവും കുറഞ്ഞതുക ക്വോട്ട് ചെയ്തയാൾ പിൻമാറിയതിനെ തുടർന്ന്,

ശ്രീ.ശശിധരൻ.പി, പടിയത്തടുക്ക ഹൗസ്,കുണ്ടാർ എന്നയാളാണ് 16.05.2017 മുതൽ 31.05.2017 വരെ കുടിവെള്ളം വിതരണം ചെയ്തത്. ഇദ്ദേഹം ക്വോട്ട് ചെയ്ത പ്രതിദിന വാടക ₹ 7,000/- ആണ്.

വിതരണം സംബന്ധിച്ച് പഞ്ചായത്ത് നൽകിയ നിബന്ധനകളിൽ ഏതാനും ചിലത് ചുവടെ ചേർക്കുന്നു.

1. ശുദ്ധമായ വെള്ളമായിരിക്കണം വിതരണം നടത്തേണ്ടത്.വിതരണം നടത്തുന്ന കുടിവെള്ള സാമ്പിളിന്റെ പരിശോധന റിപ്പോർട്ട് നൽകേണ്ടതാണ്.

2. ഏറ്റവും അടുത്തുള്ള സ്രോതസ്സിൽ നിന്നായിരിക്കണം കുടിവെള്ളം വിതരണത്തിനായി ശേഖരിക്കേണ്ടത്.

കരാർ ഏറ്റെടുത്ത വ്യക്തിയുടെ കുഴൽ കിണറിൽ നിന്നുള്ള വെള്ളമാണ് വിതരണത്തിനായി ഉപയോഗിച്ചത്. കേരള വാട്ടർ അതോറിറ്റിയുടെ കാസറഗോഡ് ജില്ലാ ലബോറട്ടറിയിൽ നിന്നും ലഭിച്ച റിപ്പോർട്ട് പ്രകാരം, ഈ വെള്ളത്തിന്റെ TURBIDITY അഭിലഷണീയമായ അളവിലും കൂടുതലാണ് (5 NTU). കൂടാതെ ഈ വെള്ളത്തിലെ കോളിഫോം ബാക്ടീരിയയുടെ അളവും കൂടുതലാണ്(271 MPN in 100 ml).അതിനാൽ ആവശ്യമായ നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ വെള്ളത്തിന്റെ ഉപയോഗം കുട്ടികളിലും മുതിർന്നവരിലും gastrointestinal (ഉദരസംബന്ധമായ) പ്രശ്നങ്ങൾക്ക് കാരണമാകുന്നതാണ്.

ഈ സാഹചര്യത്തിൽ ലഭ്യമായ മറ്റ് കുടിവെള്ള സ്രോതസ്സുകളിലെ വെള്ളം കൂടി പരിശോധിച്ച് അനുയോജ്യമായത് തെരഞ്ഞെടുക്കേണ്ടതായിരുന്നുവെങ്കിലും, ഇത്തരമൊരു നടപടി സ്വീകരിച്ചതായി കാണുന്നില്ല. വരും വർഷങ്ങളിലെ കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് മേൽപറഞ്ഞ വസ്തുതക്ക് പ്രത്യേക ഊന്നൽ നൽകേണ്ടതും ആയതിലേക്ക് ഭരണസമിതിയുടെ സവിശേഷ ശ്രദ്ധയെ ക്ഷണിക്കുകയും ചെയ്യുന്നു.

( ഓഡിറ്റ് എൻക്വയറി - 16 (തിയതി-20.10.2018))

## 3-19 മുട്ടക്കോഴി വളർത്തൽ പദ്ധതി-

(നിർവ്വഹണ ഉദ്യോഗസ്ഥൻ-വെറ്റിനറി സർജൻ)

പ്രോ.നം. 117/18, ചെലവ് -₹1,12,000+1,12,000 ( ഗു.വി)

ബിൽ നം 3/2017-18 തിയതി 23-03-2018 പ്രകാരം 1,12,000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് കെ.കെ. എഗ്ഗർ നേഴ്സറി കരിവേടകം എന്ന സ്ഥാപനത്തിനു 100 രൂപ വീതം 2240 കോഴികളുടെ വിലയായി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ അംഗീകരിച്ച ഗുണഭോക്തൃ പട്ടിക പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം 233. വിതരണം നടത്തിയ ഗുണഭോക്താക്കളുടെ എണ്ണം 112. ഒരു ഗുണഭോക്താവിന്റെ യൂണിറ്റ് കോസ്റ്റ് 2,000 രൂപ. 1,000 രൂപ സബ്സിഡി, 1,000 രൂപ ഗുണഭോക്തൃ വിഹിതം. ഈ പദ്ധതി പ്രകാരം 2240 കോഴികളെ 112 ഗുണഭോക്താക്കൾക്ക് നൽകിയതായി പറയുന്നുണ്ടെങ്കിലും 112 ഗുണഭോക്താക്കൾ കോഴികളെ കൈപറ്റിയതായി കാണുന്നില്ല. വിശദ വിവരം താഴെ നൽകുന്നു.

| ക്ര നം. | ഗുണഭോക്തൃ പട്ടിക നം. | പേര് | കോഴികളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | 35 | ഗുലാബി | 20 | 80 എണ്ണം ഒരാൾ മാത്രം കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 2 | 36 | പദ്മാവതി | 20 | |

| | | | | |
|---|---|---|---|---|
| 3 | 37 | ഗീത | 20 | |
| 4 | 38 | താരാകുമാരി | 20 | |
| 5 | 43 | ശാരദ | 20 | കൈപറ്റിയിട്ടില്ല |
| 6 | 44 | നിഇ കൃഷ്ണ | 20 | കൈപറ്റിയിട്ടില്ല |
| 7 | 56 | ആമിന | 20 | 80 എണ്ണം ഒരാൾ മാത്രം കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 8 | 57 | റുക്കിയ | 20 | |
| 9 | 58 | ബീഫാത്തിമ്മ | 20 | |
| 10 | 59 | രെഹനത്ത് | 20 | |
| 11 | 68 | കമലാക്ഷി | 20 | 80 എണ്ണം ഒരാൾ മാത്രം കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 12 | 69 | വാസന്തി | 20 | |
| 13 | 70 | സുനിത | 20 | |
| 14 | 71 | അനുരാധ | 20 | |
| 15 | 82 | ലീല | 20 | 40എണ്ണം ഒരാൾ മാത്രം കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 16 | 83 | പൂമണി | 20 | |
| 17 | 86 | ഗീത.കെ | 20 | 60 എണ്ണം ശാന്ത കുമാരി കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 18 | 87 | ലക്ഷ്മി.എം | 20 | |
| 19 | 88 | ശാന്ത കുമാരി | 20 | |
| 20 | 106 | കാർത്ത്യായിനി | 20 | 40 എണ്ണം സുലോചന കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 21 | 107 | സുലോചന | 20 | |
| 22 | 108 | സരസ്വതി | 20 | 100 എണ്ണം ഒരാൾ മാത്രം |

| | | | | |
|---|---|---|---|---|
| 23 | 109 | ഗിരിജ | 20 | കൈപറ്റിയതായി ഒപ്പ് വച്ചിട്ടുണ്ട് |
| 24 | 110 | മിഥിലാക്ഷി | 20 | |
| 25 | 111 | ശാരദ | 20 | |
| 26 | 112 | ലീല | 20 | |

ഈ പട്ടിക പ്രകാരം 26 ഗുണഭോക്താക്കൾക്ക് നൽകേണ്ടതായ 480 കോഴികളെ 7ഗുണഭോക്താക്കൾ മാത്രം കൈപറ്റിയതായി കാണിച്ചിട്ടുണ്ട്. 2 ഗുണഭോക്താക്കൾ കോഴികളെ കൈപറ്റിയിട്ടില്ല. ഈ ഗുരുതരമായ അപാകത കാരണം ചെലവ് തുക 1,12,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് അന്വേഷണം നം. 8 തീയതി 17-10-2018)

## 3-20 കാലാവസ്ഥയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദന ശേഷിയുള്ള ഉരുക്കൾ ഏതൊക്കെയാണെന്നുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ അത്യുൽപ്പാദന ശേഷിയുള്ള പശു, എരുമ, ആട്, കോഴി തുടങ്ങിയ വളർത്തു മൃഗങ്ങൾ / വളർത്തു പക്ഷികൾ ഏതൊക്കെയാണ് എന്നതിനെ കുറിച്ച്, അവ എവിടെ നിന്നും ലഭ്യമാകും എന്നതിനെ കുറിച്ചും നിർവ്വഹണ ഉദ്യോഗസ്ഥൻ ഒരു പഠനം നടത്തേണ്ടതും ഇതു സംബന്ധിച്ച് ഒരു റിപ്പോർട്ട് തയ്യാറാക്കി ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ ഒരു റിപ്പോർട്ട് സൂക്ഷിച്ചതായി കാണുന്നില്ല. തുടർന്നങ്ങോട്ട് ഇത്തരം ഉരുക്കളെ വാങ്ങലുകൾ നടത്തുമ്പോൾ സഹായകരമാകുന്ന ഈ രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 3-21 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ-

(1) കാർഷിക മേഖലയിലെ പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ

കാറഡുക്ക ഗ്രാമ പഞ്ചായത്ത് പ്രധാനമായും കാർഷികവൃത്തിയിൽ അധിഷ്ഠിതമാണ്. കൂടുതൽ വികസനോന്മുഖമായ പദ്ധതികൾ ഈ മേഖലയിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നാണ് വാർഷിക പദ്ധതി രൂപീകരണ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ ഇത്തരം പദ്ധതികളൊന്നും ഗ്രാമ പഞ്ചായത്തിൽ ആവിഷ്കരിക്കപെട്ടില്ല. ജനകീയാസൂത്രണം തുടങ്ങി വർഷങ്ങളായിട്ടും പരമ്പരാഗതമായി തുടരുന്ന വിത്ത്, വളം, തൈ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികൾ , കൂലി ചെലവ് നല്കുന്നപദ്ധതികൾ എന്നിവ മാത്രമാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. ഇത് മൂലം കാർഷിക മേഖലയുടെ സമഗ്രവികസനം സാധ്യമാകുന്നില്ല. ജി.ഒ. (എം.എസ്.) 72/17/ത.സ്വ.ഭ.വ. തിയ്യതി 09-03-2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗ രേഖ പ്രകാരം കാർഷിക മേഖലയിൽ മണ്ണ് ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, നീർത്തട പരിപാലനം, വനവൽക്കരണം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ പ്രോൽസാഹിപ്പിക്കേണ്ടതായിട്ടുണ്ട്. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സൗകര്യങ്ങൾ, അഗ്രോ

സർവ്വീസ് സെന്റർ, കാർഷിക ഔഷധ സസ്യ നഴ്സറി, ജല സ്രോതസ്സുകളുടെ സംരക്ഷണം, മണ്ണിര കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് എന്നീ സൗകര്യങ്ങൾ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിയ്ക്കേണ്ടതായുണ്ട്. കാർഷികമേഖലയിലെ ഇടപെടലുകൾ ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് ആസൂത്രണം ചെയ്യണമെന്നാണ് മേലെ സൂചിപ്പിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ മേഖലയ്ക്ക് ആവശ്യമായ പ്രാധാന്യം നല്കി, പദ്ധതികൾ നടപ്പിലാക്കിയതായി കാണുന്നില്ല. ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.

(2) പദ്ധതികളുടെ മോണിറ്ററിങ് നടത്തിയിട്ടില്ല-

2017-18 വർഷത്തിൽ കൃഷി ഓഫീസർ പദ്ധതികൾ നിർവ്വഹണം നടത്തിയിട്ടുണ്ട്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയിട്ടില്ല.പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2017-18 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.

## 3-22 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതണ്. ആസ്തിരജിസ്റ്ററിലെ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്ക്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ നം.-58608/ഡി.ബി.2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എസ്.എസ്.ജി.ഡി, എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കുന്നെങ്കിലും (പഴയ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുക്കൾ റീസർവ്വെ നടപടികൾക്ക് ശേഷം ലഭ്യമാക്കിയ പട്ടികയുമായി ഒത്തുനോക്കിയിട്ടില്ല) ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം "M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടമ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ.1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എസ്.എസ്.ജി.ഡി. അസി,എൻജിനിയർ, എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/I.K.M./2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല. മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ് സ.ഉ.(സാധാ)നം.2904/16 തീ.19.10.2016 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നതും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക.₹ | പ്രൊജക്ടിന്റെ പേര് | ചെലവ്.₹ | ബാലൻസ്₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017 | 2,55,000 | നെൽകൃഷിക്ക് കൂലിച്ചെലവ് | 2,55,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017 | 83,040 | ക്ഷീര കർഷകർക്ക് പാലിനു സബ്സിഡി | 83,040 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017 | 2,13,500 | Scholarship to disabled students | 2,13,500 | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017 | 1,00,000 | സാന്ത്വന പരിചരണം | 1,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017 | 1,00,000 | | 1,00,000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചക്ക് നം. | മുൻകൂർ നൽകിയ തുക.₹ | ചെലവഴിച്ച തുക.₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| K.S.E.B. Mulleria | Proj No. 53 | Transfer to K.S.E.B Account | 2,75,403 | 2,75,403 | 0 |
| K.S.E.B. Badiadka | ------ | | 55,700 | 55,700 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
| 1998-99 | 12 | 2003-04 | | പശു വിതരണ അധിക സബ്സിഡി | തുടരുന്നു |
| 2000-2001 | 13 | 2003-04 | | നേന്ത്ര വാഴ കൃഷി അധിക സബ്സിഡി | |
| 2000-2001 | 15 | 2003-04 | | വി.സി.ബി.ബാർക്കോൽ<br>മുൻകൂർ ക്രമീകരിച്ചിട്ടില്ല | |
| അവലോകന റിപ്പോർട്ട് | | 2013-14 | 5.2.4.7 | കുണ്ടാർ എ.യു.പി.സ്കൂൾ.ബഡ്സ് സ്കൂൾ,മുള്ളേരിയ MGLC-കുടിവെള്ള പദ്ധതി | |
| അവലോകന റിപ്പോർട്ട് | | 2013-14 | 5.2.4.12 | സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബില്ല-<br>A.U.P.S. കുണ്ടാർ,<br>S.G.A.L.P.S മുള്ളേരിയ | |
| 2014-15,15-16 | 2-5 | 2016-17 | അദ്ധ്യയം.1<br>അനുബന്ധം 3 | വസ്തു നികുതി | |
| 2014-15 | | 2016-17 | അദ്ധ്യയം.2<br>അനുബന്ധം 4 | തൊഴിൽ നികുതി | |
| 2015-16 | 2-4 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

- ഇല്ല -

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹4,68,92,210 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,12,08,909 |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹1,20,136 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹8,18,239 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | ₹19,009 | ജനോവ.കെ.വി, അസിസ്റ്റന്റ് എൻജിനിയർ |
| 3-3 | | ₹4,197 | ജനോവ.കെ.വി, അസിസ്റ്റന്റ് എൻജിനിയർ |
| 3-4 | | ₹74,732 | സജിത്ത് മോഹൻദാസ്, അസിസ്റ്റന്റ് എൻജിനിയർ |
| 3-5 | | ₹3,498 | തുളസീധരൻ.എൻ.ടി, അസിസ്റ്റന്റ് എൻജിനിയർ |
| 3-8 | | ₹18,700 | ബേബി.എ, അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | ₹1,20,136 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | ₹1,49,986 | പ്രകാശൻ.എം, ഹെഡ്മാസ്റ്റർ |
| 3-11 | ₹3,99,973 | പ്രകാശൻ.എം, ഹെഡ്മാസ്റ്റർ |
| 3-12 | ₹1,56,280 | പ്രകാശൻ.എം, ഹെഡ്മാസ്റ്റർ |
| 3-19 | ₹1,12,000 | സ്റ്റെല്ല സണ്ണി, (വെറ്റിനറി സർജൻ) |
| ആകെ | ₹8,18,239 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും<br>ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജനോവ.കെ.വി<br>അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ,<br>എൽ.എസ്.ജി.ഡി. സെക്ഷൻ,<br>വരന്തരപ്പള്ളി, തൃശ്ശൂർ ജില്ല | ചേരംപറമ്പിൽ ഹൗസ്,<br>പന്തല്ലൂർ, നെല്ലായി പോസ്റ്റ്,<br>തൃശ്ശൂർ ജില്ല. പിൻ- 680305 |
| സജിത്ത് മോഹൻദാസ്<br>അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എൻജിനിയർ, പി.ഡബ്ല്യു.ഡി റോഡ്സ് മെയിന്റനൻസ് സബ് ഡിവിഷൻ, സിവിൽ സ്റ്റേഷൻ, പാലക്കാട് | അടിയോളി ഹൗസ്,<br>കോടന്നൂർ പോസ്റ്റ്, തൃശ്ശൂർ ജില്ല.<br>പിൻ- 680568 |
| തുളസീധരൻ.എൻ.ടി<br>അസിസ്റ്റന്റ് എൻജിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി സബ്ഡിവിഷൻ,<br>കാറഡുക്ക | നെരപ്പനടി പി.ഒ,<br>കളനാട് പി.ഒ,<br>കാസറഗോഡ് ജില്ല |
| ബേബി.എ,<br>അസി.സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>കാറഡുക്ക ഗ്രാമ പഞ്ചായത്ത് | അട്ടൂർ ഹൗസ്,<br>ഉർദ്ദൂർ പി.ഒ,<br>കാസറഗോഡ് ജില്ല. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1981-82 | LFC12/1888/91 Dated 13.12.91 | 2 |

| | | |
|---|---|---|
| 1982-83 | LFC12/1889/91Dated 13.12.91 | 3 |
| 1983-84 | LFC12/1890/91Dated 13.12.91 | 2 |
| 1984-85 | LFC12/1891/91Dated 13.12.91 | 5 |
| 1985-86 | LFC12/1054/91Dated 30.07.91 | 7 |
| 1986-87 | LFC12/1008/92Dated 01.10.92 | 8 |
| 1987-88,1988-89 | LFKSD2/252/94/Dated 19.10.94 | 6 |
| 1989-901993-94 | JRYFundLFKSD/259/94Dated 22.09.94 | nil |
| 1991-92 | LFCT/215/94Dated 24.06.97 | 24 |
| 1990-911992-93 | LFKSD3/96/98Dated 06.03.98 | 10 |
| 1996-97 | LFKSD2/103/97Dated 24.09.98 | nil |
| 1993-941994-95 | LFKSD5/325/00Dated 23.10.02 | 12 |
| 1997-98 | LFKSD5/11/03Dated 30.05.03. | 17 |
| 1997-98 | LFKSD5/316/03Dated 20.07.04 | 9 |
| 1998-99 | LFKSD5/544/03Dated 17.02.04(P) | Plan Fund AR |
| 1999-2000 | LFKSD5/545/03Dated 17.02.04 | Plan Fund AR |
| 2000-01 | LFKSD5/546/03Dated 17.02.04 | Plan Fund AR |
| 2001-02 | LFKSD4/557/03Dated 17.02.07 | Plan Fund AR |
| 1998-99 | LFKSD4/411/05Dated 25.03.06 | 8 |
| 1999-00 | LFKSD4/522/06Dated 19.06.07 | 15 |

| | | |
|---|---|---|
| 2000-01 | LFKSD4/1005/07Dated 30.04.08 | 12 |
| 2001-02 | LFKSD4/1006/07Dated 20.07.09 | 9 |
| 2002-03 | LFKSD4/19/08Dated 25.07.09 | 7 |
| 2003-04 | LFKSD4/1110/07Dated 30.05.09 | 14 |
| 2004-05 | LFKSD4/805/08Dated 14.05.10 | 15 |
| 2005-06 | LFKSD4/204(A)/11Dated 23.03.12 | 5 |
| 2006-07 | LFKSD3/226/11Dated 10.01.11 | 6 |
| 2007-08 | LFKSD4/925/11Dated 29.09.12 | 7 |
| 2008-09 | LFKSD4/322/12 Dated18.01.13 | 9 |
| 2009-10 | LFKSD4/323/12Dated 18.01.13 | 6 |
| 2010-11 | LFKSD4/324/12Dated10.01.13 | 15 |
| 2011-12 | LFKSD6/466/2013Dated 25.02.2014 | 17 |
| 2012-13 & 2013-14 | LF.KSD7-468/2015 dt; 19.09.2015 | 16 |
| 2014-15 | LF.KSD7/1262/2015 dt.11.12.2015 | 17 |
| 2015-2016 | KSA/KSD7/5/2017 dt. 07/01/2017 | 20 |
| 2016-17 | KSA/KSD7/1016/2017dt. 25-09-2017 | 11 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസർഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) [1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം-വകുപ്പ് 295(6)] 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 [2007ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 60] എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ

സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കാറഡുക്ക പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| KaradkaGramaPanchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 12508923.00 |
| Cash | Cash | RP-40(a) | 179956.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1191180.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 749551.00 |
| 150000000 | Sale & Hire Charges | RP-5 | 192100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31233037.00 |
| 171000000 | Interest Earned | RP-9 | 107478.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8032663.00 |
| 350000000 | Other Liabilities | RP-36 | 44800.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 11590.00 |
| 340000000 | Deposits Received | RP-34 | 77143.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 906170.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4177793.00 |
| 460000000 | Loans, Advances and Deposits | RP-47 | 168705.00 |
| | Grand total | | 59581089.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4202733.00 |
| 220000000 | Administrative Expenses | RP-12 | 960887.00 |
| 230000000 | Operations & Maintenance | RP-13 | 1080552.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4047669.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13124817.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 398705.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 409132.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 1121548.00 |
| 255000000 | Maintenance Projects | RP-20 | 3254801.00 |

| | | | |
|---|---|---|---|
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 52960.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 27500.00 |
| 280000000 | Prior Period item | RP-26 | -9000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 4253538.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 13520.00 |
| 280000000 | Prior Period Item | RP-26 | -10272.00 |
| 340000000 | Deposits Received | RP-34 | 1250.00 |
| 350000000 | Other Liabilities | RP-36 | 1566108.00 |
| 410000000 | Fixed Assets | RP-38 | 3593798.00 |
| 412000000 | Capital work in Progress | RP-40 | 2848990.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 9073571.00 |
| 460000000 | Loans, Advances and Deposits | RP-47 | 1196102.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 8283350.00 |
| Cash | Cash | RP-40(b) | 88830.00 |
| | Grand Total | | 59581089.00 |

## അനുബന്ധം-3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Karadka Grama Panchayat INCOME&EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3636577.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 455628.00 |
| 140000000 | Fee & User Charges | I-4(b) | 838201.00 |

| | | | |
|---|---|---|---|
| 150000000 | Sale & Hire Charges | I-5(b) | 192100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 82629034.00 |
| 171000000 | Interest Earned | I-8 | 107478.00 |
| 180000000 | Other Income | I-9 | 11590.00 |
| | Total Income | | 87870608.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10135675.00 |
| 220000000 | Administrative Expenses | I-11(b) | 969057.00 |
| 230000000 | Operations & Maintenance | I-12(b) | 1116479.00 |
| 240000000 | Interest & Finance Charges | I-13 | 13520.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7676173.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 31824501.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 398705.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 409132.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 31773748.00 |
| 255000000 | Maintenance Projects | I-14(e) | 3254801.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 52960.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 27500.00 |
| 272000000 | Depreciation | I-17(a) | 4283369.00 |

| | | | |
|---|---|---|---|
| | Total Expenditure | | 91935620.00 |
| | Gross Surplus/ Deficit of income over Expenditure | | -4065012.00 |
| 280000000 | Prior Period Item | I-18 | -901181.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -3163831.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

# അനുബന്ധം-4

## ബാലൻസ് ഷീറ്റ്

| KaradkaGramaPanchayat<br>BALANCE SHEET | | | |
|---|---|---|---|
| As on 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -3256265.90 |
| 312000000 | Reserves | B-3 | 38089903.00 |

| | | | |
|---|---|---|---|
| | Total Reserve & Surplus | | 34833637.10 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 9472312.00 |
| | Total Grants, Contributions for Specific Purposes | | 9472312.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 253711.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1571232.10 |
| | Total Current Liabilities and Provisions | | 1824943.10 |
| | TOTAL LIABILITIES | | 46130892.20 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 41430507.00 |
| 411000000 | Accumulated Depreciation | B-11 | -15844254.00 |
| 412000000 | Capital Work in Progress | B-11(a) | 668239.00 |
| | Total Fixed Assets | | 26254492.00 |
| | Investments | | |
| | Current Assets, Loans and Advances | | |

| | | | |
|---|---|---|---|
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 10841970.20 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 8372180.00 |
| 460000000 | Loand, Advances and Deposits | B-18 | 662250.00 |
| | Total Current Assets, Loans and Advances | | 0.0 |

| | |
|---|---|
| Total Current Assets, Loans and Advances | 19876400.20 |
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 46130892.20 |